| 6 | ശ്രീമതി സി .യശോദ | അംഗം | 9947343069 |
| 7 | ശ്രീ പി .ശശിധരൻ | അംഗം | 9446735917 |
| 8 | ശ്രീ എം.ബാലകൃഷ്ണൻ | അംഗം | 9495081755 |
| 9 | ശ്രീ കെ കുഞ്ഞിക്കണ്ണൻ | അംഗം | 9446269774 |
| 10 | ശ്രീ വൈ.എം.സി ചന്ദ്രശേഖരൻ | അംഗം | 9744323999 |
| 11 | ശ്രീ കെ നാരായണൻ | അംഗം | 9446088250 |
| 12 | ശ്രീ ടി.വി.രാഘവൻ മാസ്റ്റർ | അംഗം | 9496240392 |
| 13 | ശ്രീ വിജയരാജ് | അംഗം | 9745122158 |
| 14 | ശ്രീ ജയറാം പ്രകാശ് | അംഗം | 9447486099 |
| 15 | ശ്രീ കെ.ചന്ദ്രൻ മാസ്റ്റർ | അംഗം | 9495093844 |
| 16 | ശ്രീ പി.പി അസൈനാർ മൌലവി | അംഗം | 9747630803 |

## കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | മേഖല | തസ്തിക | മൊബൈൽ നമ്പർ |
|---|---|---|---|---|
| 1 | രമേശൻ കെ | പൊതുഭരണവും ധനകാര്യവും ,കാലാവസ്ഥാവ്യതിയാനവും | സെക്രട്ടറി | 9496049663 |
| 2 | രാജഗോപാൽ എൻ | പട്ടികജാതി, പട്ടികവർഗ്ഗം | അസിസ്റ്റന്റ്സെക്രട്ടറി | 9947928207 |
| 3 | അനിത കെ | പൊതുമരാമത്ത്, കുടിവെള്ളം, ശുചിത്വം | അസിസ്റ്റന്റ് എഞ്ചിനീയർ | 7907341906 |
| 4 | അംബുജാക്ഷൻ ടി | കൃഷി, മത്സ്യബന്ധനം | കൃഷി ഓഫീസർ | 9947634403 |
| 5 | ഡോ. ലിന്നി ജോയി | ആരോഗ്യം | മെഡിക്കൽ ഓഫീസർ FHC | 9446274513 |
| 6 | ഡോ. പൂർണ്ണിമ | ആരോഗ്യം | മെഡിക്കർ ഓഫീസർ ആയുർവേദം | 9447889570 |
| 7 | ഡോ. വിപിൻ | ആരോഗ്യം | മെഡിക്കൽ ഓഫീസർ ഹോമിയോ | 9496401493 |
| 8 | ഡോ. ധനശ്രീ | മൃഗസംരക്ഷണം | വെറ്റിനറി സർജ്ജൻ | 9495039396 |
| 9 | കേശവൻ നമ്പൂതിരി | പ്രാദേശിക സാമ്പത്തികവികസനം | വി.ഇ.ഒ കയ്യൂർ സർക്കിൾ | 6238430234 |
| 10 | ഷജിൻ കെ വി | ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം | വി.ഇ.ഒ ചീമേനി സർക്കിൾ | 8089265909 |
| 11 | സബിത എൻ വി | വനിതാ ശിശു ക്ഷേമം | ICDS സൂപ്പർ വൈസർ | 9495374994 |
| 12 | വേണുഗോപാലൻ പി | ക്ഷീരവികസനം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 9947418977 |
| 13 | ഉഷ പി ടി | വിദ്യാഭ്യാസം | ഹെഡ് മിസ്ട്രസ് | 9497860416 |
| 14 | ഐശ്വര്യ | മത്സ്യകൃഷി | അസിസ്റ്റന്റ്ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 8075727290 |


DISTRICT : KASARAGOD
PANCHAYATH : KAYYOOR-CHEEMENI
Scale 1 Cm =500 Metres
( FOR ELECTION PURPOSE ONLY )
Ward Names
KAYYUR-CHEEMENI
1 Klaicode
2 Muzhakkom
3 Kookode
4 Kayyur
5 Cheriyakkara
6 Pothavur
7 Pallippara
8 Kundyam
9 Chanadukkam
10 Pattoli
11 Cheemeni
12 Challuvakkode
13 Munda
14 Chemprakanam
15 Thimiri
16 Nalilamkandam
PARAPPA BLOCK
NILESHWAR MUNICIPALITY
CHERUVATHUR
PILICODE
KANNUR DISTRICT
LEGEND
Educational Institute
Temple
Church
Mosque
KSRTC
Railway
Government Office
Street Lamp
Light House
Well
Fort
Boat Jetty
Factory
Anganavadi
Polling Station
Veterinary Hospital
Health Center
Pond
State Headquarters
District Headquarters
Taluk Headquarters
Panchayath Office
Village Office
Municipality
Corporation
Bank
Market
Petrol Pump
Samskarika Nilayam
Police Station
Post office
Stadium
Akshaya
Library
Tank
LEGEND
Block Boundary
Panchayath Boundary
Ward Boundary
National Highway
State Highway
Other Roads
Railway Line
River and Stream

## വർക്കിംഗ് ഗ്രൂപ്പ് വിവരങ്ങൾ

| ക്രമ നം | വർക്കിഗ് ഗ്രൂപ്പിന്റെ പേര് | ചെയർമാൻ | വൈസ് ചെയർമാൻ | കൺവീനർ |
|---|---|---|---|---|
| *1* | പൊതുഭരണവും ധനകാര്യവും *(കണക്കുകൾ, രേഖകകൾ എന്നിവ തയ്യാറാക്കൽ, സദാഭരണം)* | ശാന്ത എം | ലത കെ ടി | രമേശൻ കെ |
| *2* | കൃഷി *(ഉൽപ്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ)*തൊഴിലുറപ്പ് പദ്ധതി, മണ്ണ്, ജലസംരക്ഷണം മുതലായവ | ലീല പി | കെ വി ഗംഗാധരൻ | അംബുജാക്ഷൻ ടി |
| *3* | മൃഗസംരക്ഷണവും, ക്ഷീരവികസനവും | കെ എസ് കുഞ്ഞിരാമൻ | പി എ രാജൻ | ഡോ. ധനുശ്രീ |
| *4* | പ്രാദേശിക സാമ്പത്തിക വികസനം(ചെറുകിട വ്യസായം, കുടുംബശ്രീ, സൂക്ഷ്മസംരംഭങ്ങൾ ))സഹകരണം മുതലായവ | സുജയ പി | രതീശൻ കെ | കേശവൻ നമ്പൂതിരി |
| *5* | പൊതുമരാമത്ത് *(വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)* | അജിത് കുമാർ എ.ജി | സി കെ ചന്ദ്രൻ | അനിത കെ |
| *6* | ദാരിദ്ര്യ ലഘൂകരണം *(പാർപ്പിടം ഉൾപ്പെടെ)* | യശോദ സി | ശശികല കെ | ഷജിൻ കെ വി |
| *7* | സാമൂഹ്യ നീതി *(വൃദ്ധർ, ഭിന്നശേഷിക്കാർ, കുട്ടികൾ,ട്രാൻസ് ജൻഡേഴ്സ്)* | എൻ വി രാമചന്ദ്രൻ | പി സുകുമാരൻ | സവിത എൻ വി |
| *8* | പട്ടികജാതി വികസനം | ശാന്ത എം | ടി പി അബ്ദുൽസലാം | രാജഗോപാൽ എൻ |
| *9* | ജെൻഡർ വികസനവും കുട്ടികളുടെ വികസനവും | ശ്രീജ എം | രജനി കെ പി | സവിത എൻ വി |
| *10* | ആരോഗ്യം | ശശിധരൻ പി | കെ രാധാകൃഷ്ണൻ | ഡോ. ലിന്നിജോയി |
| *11* | കുടിവെള്ളം, ശുചിത്വം മുതലായവ | പ്രശാന്ത് എം | എം. കെ. നളിനാക്ഷൻ | അനിത കെ |
| *12* | വിദ്യാഭ്യാസം, കലാസാംസ്കാരികം, യുവജനകാര്യം | ശോഭന വി കെ | സജേഷ് കെ | ഉഷ പി ടി |
| *13* | പട്ടിക വർഗ്ഗം | കെ പി വത്സലൻ | രജിത ആർ | രാജഗോപാൽ എൻ |
| *14* | ജൈവ വൈവിധ്യം, കാലാവസ്ഥവ്യതിയാനം, ദുരന്ത നിവാരണം | കെ പി വത്സലൻ | വീണ കെ ബി | രമേശൻ കെ |

## അദ്ധ്യായം 1

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി – അവസ്ഥാ വിശകലനം

### ➢ ഭൂപ്രകൃതിയും, പരിസ്ഥിതി സവിശേഷതകളും

കാസറഗോഡ് ജില്ലയുടെ തെക്കേ അറ്റത്ത് കണ്ണൂർ ജില്ല അതിരിനോട് ചേർന്ന് കിടക്കുന്നതും, തെങ്ങും കവുങ്ങും നിറഞ്ഞ തീരദേശവും വിസ്തൃതമായ നെൽ വയലുകളും കുന്നിൻ ചെരിവുകളും അതിനപ്പുറം സമുദ്ര നിരപ്പിൽ നിന്ന് *4050* അടി ഉയരത്തിലുള്ള ലാറ്ററൈറ്റ് പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്.

തേജസ്വിനി പുഴയുടെ തീരത്ത് *32* കി.മി നീളത്തിൽ പടിഞ്ഞാറായി നീണ്ട് കിടക്കുന്ന കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന് തെക്ക നിന്ന് വടക്കോട്ടാണ് ചെരിവ്. മുത്തപ്പാറ എന്ന സ്ഥലം ഏറ്റവും ഉയർന്നും രാമൻചിറ ഏറ്റവും താഴ്ന്നും കിടക്കുന്നു. കുന്നിൻ ചെരുവുകളിൽ നിന്നും ഉത്ഭവിച്ച് ആദ്യം വടക്കോട്ടും പിന്നെ തീരപ്രദേശത്തുകൂടി പടിഞ്ഞാറോട്ടും ഒഴുകി കാര്യങ്കോട്ടു പുഴയിൽ സന്ധിക്കുന്ന നിരവധി തോടുകളും നീർച്ചാലുകളുമുണ്ട്. തീരപ്രദേശം, താഴ്വര, ഉയർന്ന പ്രദേശം കുന്നിൻചെരിവ് എന്നിങ്ങനെ ഭൂമിയെ നാലായി തരം തിരിക്കാം. *7* ഏക്കറോളം വിസ്തൃതി വരുന്ന *2* തുരുത്തുകൾ അരയാക്കടവിന് കിഴക്കും പടിഞ്ഞാറുമായി സ്ഥിതി ചെയ്യുന്നു.

### ➢ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക അവസ്ഥ

കേരളത്തിന്റെ വിപ്ലവ ചരിത്രത്തിൽ സുവർണ ലിപികളാൽ രേഖപ്പെടുത്തപ്പെട്ട ഒരു പ്രദേശമാണ് കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്. സാമ്രാജ്യത്വത്തിനും ജന്മിത്വത്തിനും എതിരെ പോരാടി ജീവൻ ബലിയർപ്പിച്ച ധീരരക്തസാക്ഷികൾക്ക് ജൻമം നൽകിയ ഒരു പ്രദേശം കൂടിയാണിത്. ഫ്യൂഡലിസത്തിനെതിരെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കർഷകർ നടത്തിയ ഐതിഹാസിക സമര ചരിത്രമുറങ്ങുന്ന കയ്യൂർ കേരള ഭൂപടത്തിൽ എക്കാലവും ഓർമ്മിക്കപ്പെടുന്ന ഒരിടമാണ്. സംഭവ ബഹുലവും ത്യാഗോജ്ജ്വലവുമായ പലസമരങ്ങളുടേയും ഈറ്റില്ലമാണ് കയ്യൂർ. നൂറോളം സ്ത്രീകൾ പങ്കെടുത്ത വിളവെടുപ്പ് സമരം, സ്ത്രീകൾ ആദ്യമായി കോടതി കയറേണ്ടി വന്ന വിളകൊയ്ത്ത് സമരം, ഓരോ കൃഷിക്കാരും കർഷക സംഘത്തിൽ എന്ന മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ സാർത്ഥകമാക്കിത്തീർത്ത കയ്യൂർ സമരവും ജനമനസ്സുകളിൽ ഇന്നും ആവേശോജ്ജ്വലമായ സ്മരണകൾ ഉയർത്തുന്നു.

ആചാരാനുഷ്ഠാനങ്ങളോട് കൂടി ആവിഷ്കരിക്കപ്പെടുന്ന തെയ്യം എന്ന അനുഷ്ഠാന കലാരൂപം ലോകശ്രദ്ധ ആകർഷിച്ചിട്ടുള്ള ഒന്നാണ്. തുലാമാസം മുതൽ ഇടവ മാസം *1*–ാം തീയ്യതി വരെ കാവുകളുമായി ബന്ധപ്പെട്ട് കെട്ടിയാടപ്പെടുന്ന തെയ്യം ഈ പ്രദേശത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ ഉത്തമോദാഹരണമാണ്. വിവിധ വിഭാഗങ്ങളിൽപ്പെട്ട തറവാട്ടുകളിൽ കളിയാടി വരുന്ന തോറ്റംപാട്ട്, പൂരക്കളി, കോൽക്കളി തുടങ്ങിയ കലാരൂപങ്ങളും തനത് ഭാവങ്ങളിൽ ഇവിടങ്ങളിൽ ഇന്നും ആവിഷ്കരിക്കരിച്ച് വരുന്നുണ്ട്.

ഗ്രാമപ്രദേശങ്ങളുടെ സാംസ്കാരിക കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന വായനശാലകളും സാംസ്ക്കാരിക സമിതികളും ഇവിടെ അന്നും ഇന്നും സജീവമാണ്. ഇവയുടെ ഫലമായി സാമൂഹ്യരാഷ്ട്രീയ അവബോധമുള്ള തലമുറയെ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തരം ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ നിലവിൽ വന്നപ്പോൾ ഈ പ്രദേശം കണ്ണൂർ ജില്ലയുടെ ഭാഗമായും *1984* ൽ കാസറഗോഡ് ജില്ല നിലവിൽ വന്നപ്പോൾ കയ്യൂർ–ചീമേനി കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുകയും ചെയ്തു.

സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പ് പരിമിതമായ യാത്രാ സൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന ഈ പ്രദേശത്ത് ഇന്ന് സഞ്ചാര യോഗ്യമായ അനേകം റോഡുകളും നടവഴികളും ജനങ്ങൾക്ക് കൂടുതൽ സഞ്ചാര സ്വാതന്ത്ര്യം നൽകിക്കൊണ്ട് നിർമ്മിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയുടെ തെക്ക് ഭാഗത്ത് കണ്ണൂർ ജില്ലയോട്ടു ചേർന്നു കിടക്കുന്ന കയ്യൂർ–ചീമേനി ഗ്രാമപഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം *72.47* ച.കി.മീറ്ററാണ്. *2011* ലെ കനേഷുമാരി കണക്കു പ്രകാരം *23495* ആണ് ജനസംഖ്യ ഇതിൽ *11136* പുരുഷൻമാരും *12359* സ്ത്രീകളും ഉൾപ്പെടുന്നു. ആകെ ജനസംഖ്യയിൽ *884* പട്ടികജാതി വിഭാഗക്കാരും *346* പട്ടികവർഗ്ഗക്കാരും ഉൾപ്പെടെ ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന ഒരു പ്രദേശമാണിത്.

ആദ്യ കാലങ്ങളിൽ ജനങ്ങൾ പൂർണ്ണമായും കാർഷിക മേഖലയെ മാത്രം ആശ്രയിച്ചാണ് കഴിഞ്ഞു പോന്നിരുന്നത്. പിൽക്കാലങ്ങളിൽ ബീഡി, ഖാദി, പ്ലാന്റേഷൻ കോർപറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ കീഴിൽ തൊഴിൽ ചെയ്ത് ഉപജീവനം കഴിയുന്ന തൊഴിലാളികളും ചെറുകിട കർഷകരും വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്നവരും ഉൾപ്പെടുന്നതാണ് നിലവിലെ സാമൂഹ്യസ്ഥിതി.

ഗതാഗതം, വൈദ്യുതി, കുടിവെള്ളം, വിദ്യാഭ്യാസം ആരോഗ്യ ശുശ്രൂഷ എന്നു തുടങ്ങി ജീവിതത്തിന്റെ സർവ്വ മേഖലയിലും പിന്നോക്കം നിന്നിരുന്ന അവസ്ഥയിലായിരുന്നു കയ്യൂർ ചീമേനിയുടേത്. എന്നാൽ സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഈ അവസ്ഥയ്ക്ക് മാറ്റങ്ങൾ വന്നു തുടങ്ങി. വിദ്യാഭ്യാസത്തിന്റെ മേഖലയിലാണ് ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളത്. ആയതിൻറെ ഫലമായി സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉൾപ്പെടെ പല സ്ഥാപനങ്ങളും ഈ മേഖലയിൽ നിലവിൽ വന്നു. ജി.എൽ.പി.എസ് വെള്ളാട്ട്, ജിഎൽപിഎസ് ചെറിയാക്കര, ജിഎൽപിഎസ് കയ്യൂർ, ജിഎൽപിഎസ് പുലിയന്നൂർ, ജിയുപിഎസ് നാലിലാംകണ്ടം, ജിയുപിഎസ് മുഴക്കോം, ജിഎച്ച്എസ്എസ് ചീമേനി, ജിവിഎച്ച്എസ്എസ് കയ്യൂർ, ജിഎച്ച്എസ്എസ് കുളിയാട് തുടങ്ങി നല്ല നിലയിൽ പ്രവർത്തിക്കുന്ന *8* സ്കൂളുകളും പഞ്ചായത്തിൻറെ പരിധിയിൽ ഉൾപ്പെടുന്നു. നിരവധി എയ്ഡഡ് അൺഎയ്ഡഡ് സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് മികച്ച സ്ഥാപനങ്ങളും കയ്യൂർ ചീമേനിയുടെ വിദ്യാഭ്യാസ യശസ്സിന് മാറ്റു കൂട്ടുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ, വി ഇ ഒ, ഐസിഡിഎസ് സൂപ്പർവൈസർ എന്നിവരുടെ കാര്യാലയങ്ങളും, കൃഷിഭവൻ, വെറ്ററിനറി ഡിസ്പെൻസറി, ആയൂർവേദ, ഡിസ്പെൻസ്റി, സി.ഡി.എസ് ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളുടെ അകമ്പടിയോടെ പ്രൗഢമായ പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് ചീമേനിയുടെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ചീമേനി, തിമിരി, ക്ലായിക്കോട്, കയ്യൂർ തുടങ്ങി *4* വില്ലേജ് ഓഫീസുകളും, പോലീസ് സ്റ്റേഷൻ, കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്, വാണിജ്യ, സഹകരണ ബാങ്ക് ഉൾപ്പെടെ നിരവധി ബാങ്കുകളും കച്ചവട സ്ഥാപനങ്ങളും ആധുനിക ജീവിത സൗകര്യങ്ങൾ ഒരു പരിധിവരെ ജനങ്ങൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്നുണ്ട്.

അടിസ്ഥാന സൗകര്യ വികസനത്തിൻറെ കാര്യത്തിൽ ഏറെ മുന്നോട്ട് പോകാൻ സാധിച്ചിട്ടുണ്ടെങ്കിലും ഈ മേഖലയിൽ കടമ്പകൾ ഇനിയും താണ്ടേണ്ടതുണ്ട്. ഏറെ പ്രാധാന്യമായിട്ടുള്ള ചീമേനി ടൗണിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ബസ്സ് സ്റ്റാൻറ് നിർമ്മാണം കയ്യൂർ-ചീമേനിയുടെ പ്രതീക്ഷയ്ക്ക് വക നൽകുന്നു.

കാർഷിക മേഖല തന്നെയാണ് ഇപ്പോഴും ചീമേനിയുടെ മുഖ്യ വരുമാന സ്രോതസ്സ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന പാടശേഖര സമിതിയുടെ നേതൃത്വത്തിൽ നെൽകൃഷി മേഖല സജീവമാണെന്ന് പറയാം. എന്നാൽ പുതിയ തലമുറ കാർഷികവൃത്തിയോട് കാണിക്കുന്ന വിമുഖതയോടൊപ്പം കാലാവസ്ഥാ വ്യതിയാനവും ഈ മേഖലയിലെ പ്രതിസന്ധി വർദ്ധിപ്പിക്കുന്നു. പഞ്ചായത്തിൻറെ താഴ്ന്ന പ്രദേശങ്ങളിൽ നെൽകൃഷിയും മറ്റിടങ്ങളിൽ തെങ്ങ്, കവുങ്ങ്, റബ്ബർ, കശുവണ്ടി, കുരുമുളക് തുടങ്ങിയ നാണ്യ വിളകളും കൃഷി ചെയ്ത് വരുന്നു.

*1997-98* മുതൽ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ നിലവിലെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിൻറെ ഭാഗമായി അർഹരായ ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ വീടുകൾ നൽകുന്നതിലും ഒ.ഡി.എഫ് ൻറെ ഭാഗമായി മുഴുവൻ വീടുകൾക്കും ശുചിത്വ കക്കൂസുകൾ നൽകിക്കൊണ്ട് നിർമ്മൽ പുരസ്കാരം നേടാനും സാധിച്ചിട്ടുണ്ട്.

ദീർഘ വീക്ഷണത്തോടുകൂടിയുള്ള പദ്ധതി ആവിഷ്ക്കാരത്തോടെ വനിതാ വികസന മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ദീർഘനാളുകളായി പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന വനിതാ കാൻറീൻ ഈ മേഖലയിലെ ശ്രദ്ധേയമായ സംരംഭമാണ്. കൂടാതെ വിവിധ കുടുംബശ്രീ യൂണിറ്റുകൾ വഴി സ്ഥാപിച്ചിട്ടുള്ള ചെറുകിട സംരംഭങ്ങൾ പ്രാദേശിക സാമ്പത്തിക വികസനത്തിലും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കും ആക്കം കൂട്ടിയിട്ടുണ്ട്.

# അധ്യായം 2

## വാർഷിക പദ്ധതി അവലോകനം

2023-24 വാർഷിക പദ്ധതി പ്രകാരം ആകെ 237 പദ്ധതികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 46 എണ്ണം 2022-23 വർഷത്തെ സ്പിൽ ഓവർ പദ്ധതികളാണ്. സ്പിൽ ഓവർ പദ്ധതികളിൽ 31 എണ്ണം ഇതിനടകം പൂർത്തീകരിച്ചിട്ടുണ്ട്. 2024 മാർച്ച് മാസത്തിനുള്ളിൽ എല്ലാ പദ്ധതികളും 100 ശതമാനം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ബജറ്റ് അലോക്കേഷൻ പ്രകാരം റോഡ് ഫണ്ട് ഇനത്തിൽ 4,63,27000 രൂപ പ്രഖ്യാപിച്ചിരുന്നെങ്കിലും പിന്നീട് അത് 32429000/- എന്നതിലേക്ക് ക്രമീകരിച്ച് ലഭ്യമായത് 2023 ഒക്ടോബർ മാസത്തിലാണ് . ആയതു കൊണ്ട് തന്നെ റോഡ് പുനരുദ്ധാരണ പ്രവർത്തികളിൽ വലിയ മാറ്റം വരുത്തേണ്ടി വന്നിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനും വളരെയധികം കാലതാമസം സൃഷ്ടിച്ചിട്ടുണ്ട്. എന്നിരുന്നാലും 100 ശതമാനം ഫണ്ട് ചെലഴിക്കുന്നതിന് വേണ്ടിയുള്ള ഊർജ്ജിത കർമ്മ പരിപാടികൾ ഏറ്റെടുത്തിട്ടുണ്ട്.

പ്ലാൻ ഫണ്ട് ഉപയോഗിച്ച് 21502000/- രൂപയുടെ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. 42 ശതമാനം തുക ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഗഡു ലഭ്യമാകുന്നതിൽ നേരിട്ട കാലതാമസവും ട്രഷറിയിൽ നിന്നും ബില്ലുകൾ പാസ്സാവത്തതും ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കിയിട്ടുണ്ട്.

ഉല്പാദന മേഖലയിൽ *8402885* രൂപയുടെ പ്രൊജക്ടുകളും, സേവന മേഖലയിൽ *58622416* രൂപയുടെ പ്രൊജക്ടുകളും, പശ്ചാത്തല മേഖലയിൽ *41476000* രൂപയുടെ പ്രൊജക്ടുകളും, പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളിലടക്കം ആകെ *3656500*/- രൂപയുടെ അടങ്കലാണ് *2024-25* വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉല്പാദനമേഖലയിലെ പ്രൊജക്ടുകൾ എല്ലാം തന്നെ കാർഷിക മേഖലയിലെ വിളവർദ്ധനവും ഭക്ഷ്യസുരക്ഷയും ഉറപ്പ് വരുത്തുന്നതിനുതകുന്നതും മൃഗസംരക്ഷണം, ക്ഷീരവികസനം ലക്ഷ്യമാക്കികൊണ്ട് നടപ്പിലാക്കിവരുന്നവയുമാണ്.

കാർഷിക മേഖലയിലെ വിള വർദ്ധനവും കാർഷിക വിഭവങ്ങളുടെ ഉല്പാദനവും ലക്ഷ്യമിട്ട് സമഗ്ര നെൽ കൃഷി വികസനം, കവുങ്ങ്, തെങ്ങ്, പയർവർഗ്ഗം, ചെറുധാന്യ കൃഷി എന്നിവ നല്ല രീതിയിൽ നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് സാധിക്കുന്നുണ്ട്. ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് പശു വളർത്തൽ ക്ഷീര സംഘങ്ങൾ മുഖേനെ പാൽ വില സബ്സിഡി, കന്നു കുട്ടി പരിപാലനം തുടങ്ങിയ പദ്ധതികൾ പൂർത്തീകരിച്ച് വരുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഉതകുന്ന കുടുംബശ്രീ യൂണിറ്റിന് സ്വയം തൊഴിൽ ധനസഹായവും, കുടുംബശ്രീ വനിതാ ഗ്രൂപ്പിന് സ്വയം തൊഴിൽ സംരക്ഷത്തിന് ധനസഹായ പ്രൊജക്ടുകളുടെ നിർവ്വഹണം നടന്നുവരുന്നു. പൊതുകിണർ റിപ്പയർ, വിവിധ അംഗനവാടികൾക്കും കമ്മ്യൂണിറ്റി ഹാളുകൾക്കും, ചീമേനി, ചെമ്പ്രകാനം ടെയ്ക്ക് എ ബ്രേക്കിനും മോട്ടോർ അനുബന്ധ കെട്ടിട വൈദ്യുതീകരണം, പഞ്ചായത്ത് ഓഫീസ്, മുഴക്കോം സാംസ്കാരിക നിലയം എന്നിവയ്ക്ക് കുടിവെള്ള സൌകര്യം ഒരുക്കലും മുഴക്കോം പൊതുകുളം നവീകരണവും കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കലും പഞ്ചായത്ത് കുടിവെള്ള മേഖലയിൽ ഏറ്റെടുത്ത പ്രൊജക്ടുകളാണ്. സേവനമേഖലയിൽ 2023-24 വർഷം നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ നിർവ്വഹണം നല്ല നിലയിൽ പുരോഗമിച്ചു വരുന്നു. അങ്കൺവാടികളിൽ വരുന്ന കുട്ടികൾക്ക്, ഗർഭിണികൾക്ക്, മുലയൂട്ടുന്ന അമ്മമാർക്ക് പോഷകാഹാരം നൽകുന്നതിന് അങ്കൺവാടികൾ മുഖേന നടപ്പിലാക്കുന്ന അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി, ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ്, ബഡ്സ് സ്കൂൾ നടത്തിപ്പ് തുടങ്ങിയ പദ്ധതികൾ എല്ലാം തന്നെ 100 ശതമാനം പൂർത്തീകരിക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിദ്യാലയങ്ങൾക്കും പഞ്ചായത്ത് ലൈബ്രറികൾക്കും ദിനപത്രവും ആനുകാലികങ്ങളും നൽകൽ, എസ്.എസ്.എ വിഹിതം നൽകൽ, നാലിലാംകണ്ടം സ്കൂളിന് സൌണ്ട് സിസ്റ്റം, ഡിജിറ്റൽ സാക്ഷരത, തുടർ വിദ്യാഭ്യാസ രംഗത്തെ ഇടപെടലുകൾ നടപ്പിലാക്കി വരുന്ന തുല്യതാ പഠനം പ്രൊജക്ടുകളും പൂർത്തീകരണത്തോടടുക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഇ ഗവണൻസ് സംവിധാനങ്ങൾ ഫലപ്രദമാക്കുന്നതിനായി നടപ്പിലാക്കുന്ന ഐ.കെ.എം ന് വിഹിതം നൽകൽ, ഓഫീസ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി, പഞ്ചായത്ത് ഓഫീസിൽ ക്യാമറ സ്ഥാപിക്കൽ, സാനിറ്ററി പാഡ് ഡിസ്ട്രയർ മെഷീൻ വാങ്ങൽ തുടങ്ങിയ പ്രൊജക്ടുകളുടെ നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്.

പൊതുജനാരോഗ്യ രംഗത്ത് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിൻറെ ഭാഗമായി ഗ്രാമപഞ്ചായത്തതിൻറെ കീഴിൽ പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രം, ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കൽ മറ്റ് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുള്ള പ്രൊജക്ടുകളും പൂർത്തീകരണത്തോടടുക്കുന്നു. ആരോഗ്യ മേഖലയിൽ അലോപ്പതി ചികിത്സാ സമ്പ്രദായത്തിന് ആവശ്യമായ ഡോക്ടറുടെയും ലാബ് ടെക്നീഷ്യൻറെയും സേവനം ലഭ്യമാക്കുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും തയ്യാറാക്കിയ പ്രൊജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കിടപ്പ് രോഗികൾക്ക് സ്വാന്തനമേകാൻ തയ്യാറാക്കിയിട്ടുള്ള പാലിയേറ്റീവ് കെയർ പ്രൊജക്ട് പഞ്ചായത്തിൻറെ സേവന രംഗത്ത് തിളക്കമാർന്നതാണ്. ആയുർവേദ രംഗത്തെ മരുന്ന് വാങ്ങൽ, വൃദ്ധജനാരോഗ്യ പരിപാലനം, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് മരുന്ന് തുടങ്ങിയ പ്രൊജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്തെ തന്നെ ഹോമിയോ ചികിത്സാ സമ്പ്രദായത്തിന് മരുന്നു വാങ്ങൽ പ്രൊജക്ടിലും *100* ശതമാനം ചെലവഴിക്കുന്നതാണ്.

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി പൊതു വിഭാഗത്തിനും പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിനും വളരെ വേഗത്തിൽ പാർപ്പിടം നിർമ്മാണം പുരോഗമിച്ച് വരുന്നു. ലൈഫ് ഭവനപദ്ധതി പ്രകാരം നാളിതുവരെയായി 167 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള ലൈഫ് *2020* ഭൂമിയുള്ള ഭവനരഹിതരുടെ പട്ടികയിൽ *302* കുടുംബങ്ങളുണ്ടെങ്കിലും ആകെ *57* പേർക്കുമാത്രമേ ധനസഹായം അനുവദിക്കുന്നതിന് സാധിച്ചിട്ടുള്ളൂ, ആയതിൽ *32* ഓളം വീടുകൾക്ക് ധനസഹായം അനുവദിച്ചത് *2023-24* വർഷത്തിലാണ്. പ്രസ്തുത പട്ടികയിലുൾപ്പെട്ടിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ഇതിനോടകം ആനുകൂല്യം നൽകിയിട്ടുമുണ്ട്. ബാക്കി വരുന്നവർക്കുകൂടി ധനസഹായം അനുവദിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ടവരുടെ ഭവന പുനരുദ്ധാരണത്തിനായി പൊതു വിഭാഗത്തിൽ *19* പേർക്കും, പട്ടികജാതിയിൽപ്പെട്ട *7* പേർക്കും, പട്ടികവർഗ്ഗവിഭാഗത്തിലെ *3* ആൾക്കും *2023-24* വർഷം ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, പട്ടികജാതി വിഭാഗ വയോജനങ്ങൾക്ക് കട്ടിൽ, പട്ടികജാതി പട്ടികവർഗ്ഗ മേഖലയ്ക്കുള്ള പ്രത്യേക ആരോഗ്യ പരിപാടി മുതലായ പ്രൊജക്ടുകൾ ഈ മാസം പൂർത്തീകരിക്കുന്നതാണ്. പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി, സ്കോളർഷിപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ ഭവന പുനരുദ്ധാരണം എന്നിവ നടന്നുവരുന്നു.

പഞ്ചായത്ത് പ്രദേശത്തെ ശുചിത്വ പരിപാലനത്തിനായി രൂപീകരിച്ച ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിനായി തയ്യാറാക്കിയ പദ്ധതികളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ള വിതരണത്തിന് തയ്യാറാക്കിയ പദ്ധതികളും പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതാണ്. പഞ്ചായത്ത് പ്രദേശത്തെ മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻകേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ഇതിനായി *17* ലക്ഷം രൂപയോളം ചെലവഴിച്ചിട്ടുണ്ട്. *2022-23* വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഹരിതകർമ്മസേനയ്ക്ക് മാലിന്യ ശേഖരണത്തിനുവേണ്ടി വാഹനം, ട്രോളി, വെയിംഗ് മെഷീൻ മുതലായവ വാങ്ങിയിട്ടുണ്ട്. എം സി എഫിൽ അഗ്നിരക്ഷാ സംവിധാനവും ഒരുക്കി നൽകിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു. മാലിന്യ സംസ്കരണരംഗത്തെ നൂതന സാങ്കേതികവിദ്യയായ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിവിധ റോഡുകളുടെ നവീകരണത്തിനും നിർമ്മാണത്തിനും പുറമെ പഞ്ചായത്തിലെ ആശുപത്രി കെട്ടിടങ്ങളുടെ നവീകരണത്തിനും, സ്കൂളുകൾക്ക് ആവശ്യമായ ടോയിലെറ്റുകളും ഖരമാലിന്യ സംസ്കരണ യൂണിറ്റുകളും നിർമ്മിക്കുന്നതിനുമുള്ള പ്രൊജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്.

പഞ്ചായത്തിലെ അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതിയും നല്ല രീതിയിൽ നടന്നുവരുന്നു. പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള ചീമേനി ടൌണിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്. മഞ്ഞൾ വിത്ത് വിതരണത്തിലൂടെ പഞ്ചായത്തിന് മഞ്ഞൾഗ്രാമമായി മാറുന്നതിനും കഴിഞ്ഞിട്ടുണ്ട്. ശുചിത്വമിഷൻ വഴി ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ചീമേനി ഓപ്പൺ ജയിലിൽ ഗോബർദ്ധൻ ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചുനൽകുന്നതിനും, ലൈബ്രറി കൌൺസിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പാലത്തേര, കുണ്ട്യം, അടുവേനി എന്നീ ലൈബ്രറികൾക്ക് പൊതുശൌചാലയം നിർമ്മിച്ച് നൽകിയിട്ടുമുണ്ട്.

# അധ്യായം 3

## പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

- **പൊതു ഭരണവും ധനകാര്യവും**

പഞ്ചായത്ത് ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുകയും ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം നല്കകിക്കൊണ്ട് പൊതുജനങ്ങൾക്കുള്ള സേവനം കൃത്യസമയത്ത് നൽകുന്നതിനും സാധിക്കുന്നുണ്ട്. വിവര സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി മറ്റ് സർക്കാർ സർക്കാരിതര മേഖലകളിലെപ്പോലെ ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ അയക്കുന്നതിനും സേവനങ്ങൾ സ്വീകരിച്ച് പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്ന തരത്തിലും പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ചും നിയമങ്ങളെ സംബന്ധിച്ചും അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനും ഗ്രാമകേന്ദ്രങ്ങളെ ശക്തിപ്പെടുത്തി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കും.

- അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് ലഭിച്ച വിപുലമായ ഉത്തരവാദിത്വങ്ങളും കടമകളും നിർവ്വഹിക്കുന്നതിന് പ്രവർത്തനങ്ങളുടെ കൃത്യതയും സമയബന്ധിതവുമായ ഡോക്യുമെന്റേഷൻ നടത്തുന്നതിന് ആവശ്യമായ മനുഷ്യ വിഭവശേഷി ഇന്നും പഞ്ചായത്തുകളിൽ കുറവാണ്. പഞ്ചായത്തിലെ മുഴുവൻ സേവനങ്ങളും ഓൺലൈൻ ആക്കുന്നതിൻറെ ഭാഗമായി ILGMS സോഫ്റ്റ് വെയർ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചതിലൂടെ സേവനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കൃത്യനിഷ്ഠാപരമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. സമൂഹത്തിലെ ദുർബല വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള സർക്കാർ പരിപാടികളായ അതിദരിദ്രരെ കണ്ടെത്തൽ പ്രവർത്തനം പഞ്ചായത്തിൽ പൂർത്തീകരിക്കുകയും അതിദരിദ്രരുടെ ഉന്നമനത്തിനാവശ്യമായ മൈക്രോപ്ലാൻ തയ്യാറാക്കുകയും ഇതിനോടകം ചെയ്തിട്ടുണ്ട്. വാതിൽപ്പടി സേവന ഗുണഭോക്താക്കളെ കണ്ടെത്തുകയും സേവനം നൽകി വരികയും ചെയ്തുവരുന്നുണ്ട്. എന്റെ തൊഴിൽ എന്റെ അഭിമാനം പരിപാടിയുടെ ഭാഗമായി രണ്ട് വാർഡുകളിൽ ഒന്ന് എന്ന രീതിയിൽ തൊഴിൽ സഭകൾ നടത്തിയിട്ടുണ്ട്.

**കൃഷിയും അനുബന്ധ മേഖലയും**

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വരൾച്ചയെ തുടർന്ന് കുടിവെള്ള സ്രോതസ്സായി ഭൂഗർഭ ജലം ഉപയോഗിക്കുന്ന പ്രവണത കൂടിവരികയാണ്. ഇതിന്റെ ഫലമായി മേൽ മണ്ണ് ഉഷ്ണകരമാകുന്നത് നെൽ കൃഷിയെ ദോഷകരമായി ബാധിക്കുന്നു. കാർഷികവൃത്തി ആകർഷകമല്ലാത്തതിനാൽ പുതുതലമുറ കാർഷികവൃത്തിയോട് കാണിക്കുന്ന വിമുഖത, തൊഴിലാളികളുടെ ദൗർലഭ്യം എന്നിവമൂലം പാടങ്ങൾ കൃഷിയില്ലാതെ തരിശ്ശായി കിടക്കുന്നതിന് കാരണമാകുന്നു. പരമ്പരാഗതമായ വിത്തുകൾ അന്യം നിന്നുപോയത് കാർഷിക മേഖലയിലെ അപചയത്തിന് കാരണാണ്. ആവശ്യമായ സമയത്ത് വിത്തും വളവും വിതരണം ചെയ്യത്തക്കവിധം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിക്കാതെ വരുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക വഴിയും കൂടുതൽ തരിശ് ഭൂമികൾ കൃഷി യോഗ്യമാക്കുന്നതിലൂടെയും ഈ മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകുവാൻ സാധിക്കും. കൂടാതെ കാർഷിക കലണ്ടർ അടിസ്ഥാനമാക്കി കർഷകരുടെ ആവശ്യ സമയത്ത് വിത്തും വളവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കത്തക്കവിധം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക വഴിയും ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. ജൈവ കൃഷിരീതിയും ജൈവവളങ്ങളുടെ ഉല്പാദനവും വർദ്ധിപ്പിക്കേണ്ടതാണ്.

- **മൃഗ സംരക്ഷണം**

മൃഗ സംരക്ഷണ രംഗത്ത് പാൽ, മുട്ട, മാംസം ഉല്പ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ *2023-24* വാർഷിക പദ്ധതിയിൽ മികച്ച രീതിയിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കാലിതീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റം മൂലം ചെറുകിട ക്ഷീരകർഷകർക്ക് ഈ മേഖല നഷ്ടമായി തീർന്നു. മിൽമയിൽ പാൽ അളക്കാത്ത ഇത്തരം ചെറുകിട കർഷകരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷക്കരിക്കേണ്ടതുണ്ട്.

- **ജെന്ററും വികസനവും കുട്ടികളുടെ വികസനവും**

പൊതു സമൂഹത്തിലും കുടുംബത്തിലും വിദ്യാസമ്പന്നതായ വനിതകൾ പോലും അതിക്രമത്തിനിരയാകുന്നു. സ്ത്രീജനങ്ങൾക്ക് നിയമസഹായത്തിനും മറ്റും പുരുഷ കേന്ദ്രീകൃത സംവിധാനം തേടിപ്പോകേണ്ടതായി വരുന്നുണ്ട്. ഇത്തരക്കാർ വീണ്ടും ചൂഷണം ചെയ്യപ്പെടുന്നതിന് കാരണമാകുന്നു. സാമ്പത്തികമായി സ്വയം പര്യാപ്തത കുറവ് പരിഹരിക്കുന്നതിന് സ്വയംതൊഴിൽ സംരഭങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും വരുമാനം സ്ത്രീകളുടെ ഇച്ഛയ്ക്കനുസരിച്ച് ചെലവഴിക്കുന്നതിന് സാധിക്കുന്നില്ല.

അംഗൺവാടികളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് *2023-24* പദ്ധതിക്കാലത്ത് നിരവധി പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സ്ത്രീകളിൽ നേതൃപാടവം വർദ്ധിപ്പിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുക, ജാഗ്രത സമിതിയുടെയും നിയമസഹായ വേദിയുടേയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, കൂടുതൽ സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക വഴി സ്ത്രീ ശാക്തീകരണം നടപ്പാക്കാവുന്നതാണ്.

- **സാമൂഹ്യ നീതി**

പഞ്ചായത്തിലെ *29* അംഗനവാടികൾക്കും സ്വന്തമായി കുടിവെള്ള സൌകര്യം ഉണ്ട്. അംഗനവാടികളുടെ പരിധി വളരെ കൂടുതലായതിനാൽ ദൂരത്തുനിന്നും കുട്ടികൾക്ക് അങ്കൺവാടിയിൽ എത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. എല്ലാ അങ്കൺവാടികൾക്കും ചുറ്റുമതിലുകൾ നിർമ്മിച്ച് കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തേണ്ടതുണ്ട്.

അംഗനവാടികളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, അംഗന വാടികളിലൂടെ ആരോഗ്യമുള്ള ശിശുക്കളെ വാർത്തെടുക്കുന്നതിനായി നൽകപ്പെടുന്ന സംവിധാനങ്ങളെക്കുറിച്ച് അമ്മമാർക്ക് ബോധവൽക്കരണം നടത്തുക, സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ സംബന്ധിച്ച വിവരങ്ങൾ പ്രാദേശികമായി പ്രചരിപ്പിക്കുക, അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഒഴിവാക്കുക, വൃദ്ധജനങ്ങൾക്ക് പകൽ സമയങ്ങളിൽ ഒത്തുചേരുന്നതിനും വിശ്രമിക്കുന്നതിനുമായി പകൽ വീടിന്റെ തുടർ നടത്തിപ്പും അണുകുടുംബങ്ങളിൽ ഒറ്റപ്പെട്ടവരും, നിസ്സഹയരായിരിക്കുന്ന വൃദ്ധജനങ്ങൾക്ക് പകൽ സമയങ്ങളിൽ ചെലവഴിക്കുന്നതിന് പകൽവീടിന് കെയർടെയ്ക്കറെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- **പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം**

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാരു കൂടി അധിവസിക്കുന്ന പഞ്ചായത്താണ് കയ്യൂർ-ചീമേനി. കോളനികളിൽ ഒറ്റപ്പെട്ട രീതിയിൽ കഴിയുന്നതു മൂലം മറ്റ് ജനവിഭാഗങ്ങളുമായി ഇടകലർന്ന് തുല്യപദവി കൈവരിക്കുന്നതിനുള്ള തടസ്സം വിദ്യാഭ്യാസാനന്തരം തൊഴിൽ തേടുന്നതിനും കണ്ടെത്തുന്നതിനുമുള്ള പ്രാപ്തിക്കുറവ്, പൊതുധാരണയിലേക്ക് വരുന്നതിനുള്ള വൈമനസ്യം, സാംസ്കാരിക വിനിമയത്തിനുതകുന്ന പരിപാടികൾ വിവിധ ജനവിഭാഗങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിക്കുക, തനത് കലാ സാംസ്കാരിക പരിപാടികൾ പ്രോത്സാഹിപ്പിക്കുക, സ്കോളർഷിപ്പ് നൽകുക എന്നിവ പ്രധാനലക്ഷ്യങ്ങളാണ്.

- **വിദ്യാഭ്യാസം കല സാംസ്കാരികം – കായികം യുവജന ക്ഷേമം**

വിദ്യാഭ്യാസ വികസനത്തിനായി എസ്.എസ്.കെ വിഹിതം നൽകി വരുന്നുണ്ടെങ്കിലും എസ്.എസ്.കെ യുടെ പ്രവർത്തനം മോണിറ്റർ ചെയ്യപ്പെടുമ്പോൾ ആയത് നല്ല രീതിയിൽ നപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് വിലയിരുത്തേണ്ടി വരും. പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നു. വിവര സാങ്കേതിക

വിദ്യകൾ പാഠ്യ പ്രവർത്തികൾക്ക് പൂർണ്ണ തോതിൽ ഉപയോഗിക്കുന്നില്ല. *13-ാം* പഞ്ചവത്സര പദ്ധതി വിദ്യാഭ്യാസത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ശ്രദ്ധേയമായി നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ കായികവും സാമൂഹികവുമായ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിയ കായിക പരിശീലന പദ്ധതി എന്നത് ശ്രദ്ധേയമായ പദ്ധതിയാണ്. എല്ലാവർക്കും കമ്പ്യൂട്ടർ പരിജ്ഞാനം ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടുകൂടി 2023-24 വാർഷിക പദ്ധതിയിൽ ഡിജിറ്റൽ സാക്ഷരത പദ്ധതി നടന്നുവരുന്നുണ്ട്.

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സർക്കാർ, അൺ എയ്ഡഡ് മേഖലയിലുള്ള പൊതുവിദ്യാഭ്യാസത്തിലേക്ക് കുട്ടികളേയും, രക്ഷാകർത്താക്കളേയും ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

- **ദാരിദ്ര്യ ലഘൂകരണം**

സുരക്ഷിതമല്ലാത്ത ഭവനങ്ങൾ, സാമ്പത്തിക പിന്നോക്കാവസ്ഥ, വ്യക്തിഗത ഗ്രൂപ്പ്സംരഭങ്ങൾ, സ്ഥിര വരുമാനത്തിലേക്ക് എത്തിച്ചേരുന്നതിന് സാധിക്കുന്നില്ല. ഭവനങ്ങളുടെ അറ്റകുറ്റപ്പണി ചെയ്ത് സുരക്ഷിത ഭവനങ്ങളാക്കി മാറ്റുക മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെയും മറ്റ് വ്യക്തിഗത ഗ്രൂപ്പ് സംരഭങ്ങളിലൂടെയും ദാരിദ്ര്യലഘൂകരണ പദ്ധതികൾ ആവിഷ്കരിക്കുക. ലൈഫ് പദ്ധതിയെ കൂടാതെ തന്നെ ഭവന പുനരുദ്ധാരണത്തിന് പഞ്ചായത്തിൻറെ പരിമിതമായ ധനസ്രോതസ്സിൽ നിന്നും ധന സഹായം നൽകുന്നതിന് ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. സുരക്ഷിതമായൊരു ഭവനം എന്ന സ്വപനത്തിന് ജനങ്ങളുടെ കൂടെ നിൽക്കാൻ ഒരു പരിധിവരെ ഇതിലൂടെ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

- **കുടിവെള്ളം ശുചിത്വം**

ശുചിത്വമേഖലയിൽ മറ്റിടങ്ങളിൽ എന്ന പോലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെയും മുഖ്യ ഭീഷണി പ്ലാസ്റ്റിക്ക്, ഇ വേസ്റ്റ് തുടങ്ങിയ ഖര മാലിന്യങ്ങളാണ്. ഗ്രാമപ്രദേശത്തിന്റെ ചില ഭാഗങ്ങളിൽ കുടിവെള്ള ലഭ്യത കുറവ് അനുഭവപ്പെടുന്നുണ്ട്. ഹരിത കർമ്മസേനയെ ഉപയോഗിച്ച് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് പ്ലാസ്റ്റിക്ക് ഷ്രെഡിംങ്ങ് യൂണിറ്റ് വഴി സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും വിജയത്തിലെത്താൻ സാധിച്ചിട്ടില്ല.. ജലജീവൻ മിഷൻ മുഖേനെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയിൽ നിന്ന് കുടിവെള്ളലഭ്യത കുറഞ്ഞ പ്രദേശത്തേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറിന്റെ നല്ലൊരു ശതമാനം തുകയും കുടിവെള്ളത്തിനും ശുചിത്വത്തിനും വകയിരുത്തേണ്ടതുണ്ട്. *Take a Break* പദ്ധതിയിൽ ഉൾപ്പെടുത്തി കയ്യൂർ, ചീമേനി, ചെമ്പ്രകാനം എന്നിവിടങ്ങളിൽ പൊതു ശൌചാലയവും വഴിയോര വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കാനും പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

## ➢ ആരോഗ്യം

ജീവിത ശൈലിരോഗങ്ങളായ ബ്ലഡ് പ്രഷർ, ഷുഗർ, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങളും ഈ മേഖലയിൽ വെല്ലുവിളി ഉയർത്തുന്നു. എൻഡോസൾഫാൻ കീടനാശിനിയുടെ അമിതോപയോഗം മൂലം ദുരിതമനുഭവിക്കുന്നവരും കയ്യൂർ ചീമേനിയുടെ ആരോഗ്യ രംഗത്തെ പ്രതിസന്ധിയാണ്. പി.എച്ച്.സിയുടെ സബ്സെന്ററുകളുടെ അഭാവം പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ താമസിക്കുന്നവർക്ക് ചികിത്സാ സൗകര്യം നിഷേധിക്കുന്നു. മറ്റ് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് നടത്തുന്ന കൊതുക നിവാരണ പ്രവർത്തനവും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനവും ശക്തമാക്കുക. ജീവിതശൈലി രോഗങ്ങളെകുറിച്ച് ബോധവത്ക്കരണവും യോഗ ക്ലബ്ബുകൾ യോഗ പരിശീലനം സംഘടിപ്പിക്കുക, മറ്റ് ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിച്ച് എൻഡോസൾഫാൻ ബാധിതർക്ക് മികച്ച ചികിത്സ ഉറപ്പ് വരുത്തുക. ഡോക്ടറുടെ സേവനം ഉറപ്പ് വരുത്തക്ക വിധം സബ്സെന്ററുകൾ സ്ഥാപിക്കൽ, തുറന്ന ജയിലിനോടനുബന്ധിച്ച് പൊതുജനങ്ങൾക്ക് ഉപകാര പ്രദമായ രീതിയിൽ ക്ലിനിക്ക് പ്രവർത്തനമാരംഭിക്കുക തുടങ്ങിയ കാര്യങ്ങൾ ആരോഗ്യ രംഗത്ത് മാറ്റങ്ങൾ വരുത്താൻ ഉതകുന്നതാണ്. ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ, സ്നേഹ സ്പർശം – വയോജന ആരോഗ്യ പരിരക്ഷ, മുകുളം – കൌമാര ആരോഗ്യ പരിരക്ഷ, മിടിപ്പ് – ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി, ആരോഗ്യ സേന രൂപീകരണവും തുടർ പ്രവർത്തനവും, പ്രഥമ ശുശ്രൂഷ കിറ്റ് നൽകൽ – പരിശീലനം തുടങ്ങി എല്ലാത്തരത്തിൽ ഉള്ള ജനവിഭാഗങ്ങൾക്കും ആവശ്യമായ പദ്ധതികൾ ആരോഗ്യ മേഖലയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

## ➢ പ്രാദേശിക സാമ്പത്തിക വികസനം

പരമ്പരാഗതമായ കുടിൽ വ്യവസായങ്ങൾ നാമാവശേഷമാകുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ് സംരഭകത്വ നൈപുണ്യത്തതിൻറെ അഭാവവും വിപണി മത്സരത്തെ അതിജീവിക്കുന്നതിന് കഴിയാതെ വരുന്നു. മൂലധനനഷ്ടം സംഭവിക്കുന്ന അവസ്ഥ പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നു. വിപണന കേന്ദ്രങ്ങളിലൂടെ വിപണി കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കുക വഴി പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും അതുവഴി ഗ്രമീണ സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവേകുന്നതിനും കഴിയുന്നു. വനിതകൾക്ക് സ്വയം തൊഴിൽ ധന സഹായത്തിന് വെച്ച പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

നികുതി പണത്തിന്റെ രൂപത്തിലും തൊഴിലുകൾ സൃഷ്ടിച്ചും അതെ പോലെ വിപണിയിൽ പണത്തിന്റെ ഒഴുക്ക് ഉണ്ടാക്കിയും ഒരു സർക്കാരിന്റെ വികസന സൂചികയിൽ വ്യവസായ മേഖല വലിയ പങ്ക് വഹിക്കുന്നുണ്ട്. സംസ്ഥാനത്തെ ബിസ്സിനസ്സ് സൗഹർദാപരമായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും നിക്ഷേപർക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനും

കേരള സർക്കാർ മാതൃകപരമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആയതിന്റെ ഭാഗമായി കേരളത്തിലെ വ്യവസായ വകുപ്പ്, സംസ്ഥാനത്തെ വ്യവസായിക വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനായി *2022-23* സാമ്പത്തിക വർഷം സംരംഭക വർഷമായി ആചാരിച്ചു. അതിന്റെ തുടർച്ചയായി *2023-24* വർഷം സംരംഭക വർഷം *2.0* ആയി ആചരിക്കുന്നുണ്ട്. ഇപ്രകാരം സംരംഭകരാവാൻ താല്പര്യമുള്ളവരെ കണ്ടെത്തുക, അവർക്ക് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുക, സംശയനിവാരണം നടത്തുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി ഓരോ ഗ്രാമപഞ്ചായത്തിലും വ്യവസായ വകുപ്പ് ഒരു ഇന്റേണിനെ നിയമിച്ചിട്ടുണ്ട്. കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലും വ്യവസായ വകുപ്പ് ഇന്റേണിനെ നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്തിൽ "നിങ്ങൾക്കും സംരംഭകനാകാം" വ്യവസായ വികസന ഓഫീസറുടെ നേതൃത്വത്തിൽ എന്ന പൊതു ബോധവത്കരണ ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട്. ശില്പശാലയിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെയും പുതുതായി സംരംഭം തുടങ്ങാൻ മുന്നോട്ടുവന്ന മറ്റ സംരംഭകരുടെയും പൂർണമായ വിവരം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ പോർട്ടലിൽ രേഖപെടുത്തി. ശില്പശാലയുടെ തുടർച്ചയെന്നോണം സംരംഭം തുടങ്ങാൻ ആവശ്യമായ ലോൺ എവിടെ നിന്നും കിട്ടും, ആവശ്യമായ ലൈസൻസ് ഏതൊക്കെ, എത്ര ശതമാനം സബ്സിഡി ലഭിക്കും എന്നീ സംശയങ്ങൾ ദൂരികരിക്കാൻ പഞ്ചായത്തിൽ ലോൺ-ലൈസൻസ്-സബ്സിഡി മേള സംഘടിപ്പിച്ചു. ശില്പശാലയിൽ ഉണ്ടായിരുന്ന അതെ ജനപങ്കാളിത്തം മേളയിലും കാണാൻ കഴിഞ്ഞു. വിവിധ ബാങ്ക് പ്രതിനിധികൾ ചടങ്ങിൽ പങ്കെടുത്തു. സംരംഭകർ ബാങ്ക് പ്രതിനിധികൾക്ക് സമർപ്പിച്ച വായ്പക്കുള്ള അപേക്ഷകൾ ബാങ്കുമായി ചേർന്ന് സമയബന്ധിതമായി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

*2023-24* സാമ്പത്തിക വർഷത്തിൽ സംരംഭക വർഷത്തിന്റെ ഭാഗമായി കയ്യൂർ ചീമേനി പഞ്ചായത്തിൽ ഇതുവരെ 54 സംരംഭങ്ങൾ വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തു. സംരംഭം ആരംഭിക്കുന്നതിനു മുന്നോടിയായുള്ള കേന്ദ്രസർക്കാർ MSME വകുപ്പിന്റെ ഉദ്യം രജിസ്ട്രേഷനു വേണ്ടിയുള്ള ഉദ്യം ഡ്രൈവ് നടത്തിയിരുന്നു. അതിൽ ഇരുപതിൽ കൂടുതൽ ആളുകൾ രജിസ്ട്രേഷൻ എടുത്തു. തൊഴിലും ഉത്പാദനവും വർധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതി ആയ PMEGP സ്കീമിൽ *5* യൂണിറ്റുകൾക്ക് അപേക്ഷ നൽകി. ഉത്പാദന മേഖലയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന സംരംഭക സഹായ പദ്ധതിയിൽ *1* യൂണിറ്റിന് അപേക്ഷ നൽകി.ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്കു കീഴിൽ മൂന്ന് യൂണിറ്റുകൾക്ക് സബ്സിഡി ലഭ്യമാക്കി. ഈ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിന് വേണ്ടി *3* യൂണിറ്റുകൾക്ക് ലോൺ ലഭ്യമാക്കുന്നതിനുള്ള സഹായം നൽകി. മൈക്രോ ഫുഡ് പ്രോസസ്സിംഗ് സംരഭങ്ങൾ നേരിടുന്ന വെല്ലുവിളികളെ അഭിമുഖികരിക്കുന്നതിനും, ഈ സംരംഭങ്ങളുടെ നവികരണത്തിനും പിന്തുണ നൽകുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ *PMFME* യുടെ സഹായം ഒരു യൂണിറ്റിന് ലഭിച്ചു. ഭക്ഷ്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ആവശ്യമായ *Fssai registration 10* ഓളം യൂണിറ്റുകൾക്ക് ചെയ്തു നൽകി. ഒരു യൂണിറ്റിന് ലീഗൽ മെട്രോളജി ലൈസൻസ് ന്

വേണ്ടി അപേക്ഷ നൽകി. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ മാതൃകാപരമായ പ്രവർത്തനം നടത്താൻ സാധിച്ചിട്ടുണ്ട്.

- **പൊതുമരാമത്ത് (ഊർജ്ജജം വൈദ്യുതി ഉൾപ്പെടെ )**

പൂർത്തീകരിച്ചിട്ടുള്ള ആസ്തികളുടെ പരിപാലനം സാധ്യമാകുന്നില്ല. പ്രൊജക്ടുകളുടെ എണ്ണത്തിലുണ്ടാകുന്ന ബാഹുല്യം, പൂർണ്ണമായും സഞ്ചാര യോഗ്യമായ റോഡുകളുടെ നിർമ്മാണത്തതിന് താമസം നേരിടുന്നു. സ്ട്രീറ്റ്മെയിൻ എത്താത്ത പ്രദേശങ്ങളിൽ ലൈൻ വലിക്കുന്നതിന് പഞ്ചായത്തിന് ഇത്തവണ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായി വേണ്ടുന്ന പ്രവർത്തികൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തത പ്രധാന വെല്ലുവിളിയാകുന്നു. ഈ വെല്ലുവിളികൾ തരണം ചെയ്യുന്നതിനായി ആസ്തിയുടെ കാലിക അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നു. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ടുകൊണ്ട് പശ്ചാത്തല സൌസകര്യ വികസനത്തിന്റെ പദ്ധതികൾ ആവിഷ്കരിക്കുന്നു. സ്ട്രീറ്റ്മെയിൻ വലിച്ച പ്രദേശങ്ങളിൽ പുതുതായി ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നു. മേൽത്തട്ട് പഞ്ചായത്തുകൾ എം.എൽ.എ, എംപികളുടെ ഫണ്ടുകൾ എന്നിവ ചേർത്ത് സംയോജിത പദ്ധതികളിലൂടെ കൂടുതൽ പശ്ചാത്തല സകര്യങ്ങൾ ഒരുക്കുന്നതിന് ലക്ഷ്യം വെക്കുന്നു. പഞ്ചായത്ത് പ്രദേശത്തെ ഗ്രാമീണ റോഡുകൾ ഏറെകുറേ ഗതാഗത യോഗ്യമാക്കാൻ സാധിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി പൂർത്തിയാവുന്നതോടു കൂടി മുഴുവൻ റോഡുകളും ടാർ ചെയത് ഗതാഗത യോഗ്യമാക്കാൻ സാധിക്കുന്നതാണ്.

*2023-24* **വാർഷിക  പദ്ധതി സംബന്ധിച്ച  വിവരങ്ങൾ**

| **പ്രൊജക്ട് നമ്പർ** | **പ്രൊജക്ടിന്റെ  പേര്** | **നിർവ്വഹണ ഉദ്യോഗസ്ഥൻ** | **ടൈപ്പ്** | **അടങ്കൽ തുക** |
|---|---|---|---|---|
| 1 | പദ്ധതി രൂപീകരണം – നിർവ്വഹണം – മോണിറ്ററിംഗ് ചെലവ് | SEC (GP) | New | 300000 |
| 2 | കുടിവെള്ള വിതരണം | SEC (GP) | New | 424887 |
| 3 | ഇ ഗവണൻസ് സപ്പോർട്ടിന് ഐ കെ എം ന് വിഹിതം നൽകൽ | SEC (GP) | New | 92476 |
| 4 | പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി | SEC (GP) | New | 100000 |
| 5 | പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം | SEC (GP) | New | 371940 |
| 6 | പോത്താംകണ്ടം കരക്കാട് റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 7 | ഗ്രാമപഞ്ചായത്ത് പ്രൊജക്ട് അസിസ്റ്റന്റിന് വേതനം | SEC (GP) | New | 267480 |
| 9 | എ ബി സി പദ്ധതിക്ക് വിഹിതം നൽകൽ | SEC (GP) | New | 200000 |
| 10 | കുണ്ട്യം സ്കൂൾ കാക്കടവ് റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 11 | ലൈഫ് മിഷൻ വായ്പ തിരിച്ചവ് ജനറൽ | SEC (GP) | New | 1272417 |
| 12 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്എസ് സി പി | SEC (GP) | New | 349461 |
| 13 | അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | SEC (GP) | New | 1252800 |
| 14 | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കരം അടക്കൽ | SEC (GP) | New | 524124 |
| 15 | ഡയാലിസിസ് യൂനിറ്റിന് ധനസഹായം നൽകൽ | SEC (GP) | New | 200000 |
| 16 | പൌരാവകാശ രേഖ പുതുക്കൽ | SEC (GP) | New | 25000 |
| 17 | വാതിൽപ്പടി സേവനം | SEC (GP) | New | 25000 |
| 19 | അഞ്ചുട്ടി പായം ചാനടുക്കം റോഡ് ടാറിംഗ് | AE(LSGD) | New | 300000 |

| | | | | |
|---|---|---|---|---|
| 21 | പോത്താംകണ്ടം കരക്കാട് റോഡ് റീ ടാറിംഗ് | AE(LSGD) | New | 300000 |
| 24 | വൃദ്ധജനാരോഗ്യപരിപാലനം | MO (AYU) | New | 300000 |
| 25 | ആയുർവേദ ആശുപത്രിക്ക് സിദ്ധ മരുന്ന് വാങ്ങൽ | MO (AYU) | New | 300000 |
| 26 | എൻഡോസൾഫാൻ രോഗികൾക്ക് മരുന്ന് വാങ്ങൽ | MO (AYU) | New | 100000 |
| 27 | പാലിയേറ്റീവ് രോഗികൾക്ക് ആയുർവേദ മരുന്നുകൾ വാങ്ങൽ | MO (AYU) | New | 100000 |
| 31 | തെങ്ങ് കൃഷി വികസനം | AO | New | 805268 |
| 34 | പയർ വർഗ്ഗ കൃഷി വികസനം | AO | New | 60000 |
| 35 | ചെറുധാന്യ കൃഷി | AO | New | 20000 |
| 36 | ഓണത്തിനൊരു പൂത്താലം – ചെണ്ടുമല്ലി കൃഷി വനിത | AO | New | 100000 |
| 41 | എഫ്എച്ച്സിയിലേക്ക് മരുന്ന് വാങ്ങൽ | MO (PHC) | New | 600000 |
| 42 | എഫ്എച്ച്സി ഡോക്ടർ നിയമനം | MO (PHC) | New | 690646 |
| 43 | കയ്യൂർ എഫ്എച്ച്സിയിൽ ഫാർമ്മസിസ്റ്റ് നിയമനം | MO (PHC) | New | 319750 |
| 44 | കയ്യൂർ എഫ്എച്ച്സിയിൽ ലാബ് ടെക്നീഷ്യൻ നിയമനം | MO (PHC) | New | 341360 |
| 45 | പ്രാണരക്ഷ- ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് മരുന്ന് വാങ്ങൽ | MO (PHC) | New | 100000 |
| 49 | ഭവന പുനരുദ്ധാരണം ജനറൽ | VEO | New | 1600000 |
| 53 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | MO (HOM) | New | 500000 |
| 54 | പട്ടികജാതിവിഭാഗവയോജനങ്ങൾക്ക് കട്ടിൽ | As SEC | New | 21600 |
| 55 | പട്ടികവർഗവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | As SEC | New | 114333 |
| 57 | പാലിയേറ്റീവ് കെയർ പ്രൊജക്റ്റ് | MO (PHC) | New | 1225000 |
| 58 | പുനർജനി 2- സബ്ബ് സെൻററുകളിൽ ഉപകരണങ്ങൾ വാങ്ങൽ | MO (PHC) | New | 250000 |
| 59 | ആരോഗ്യജാഗ്രത- രോഗ പ്രതിരോധ പ്രവർത്തനങ്ങൾ | MO (PHC) | New | 200000 |
| 60 | ഹമാര മെഹ്മാൻ-3 അതിഥി സംസ്ഥാന തൊഴിലാളി ആരോഗ്യ പരിരക്ഷ | MO (PHC) | New | 50000 |

| | | | | |
|---|---|---|---|---|
| 61 | മിടിപ്പ് 3 –ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി | MO (PHC) | New | 50000 |
| 62 | മുകുളം –3 കൗമാര ആരോഗ്യ പരിരക്ഷ | MO (PHC) | New | 50000 |
| 63 | ഉണർവ്വ് – 2 ക്ഷയരോഗ വിമുക്ത പഞ്ചായത്ത് | MO (PHC) | New | 75000 |
| 64 | എസ് സി മേഖല പ്രത്യേക ആരോഗ്യ പരിപാടി – കൈതാങ്ങ് –1 | MO (PHC) | New | 40000 |
| 65 | എസ് ടി മേഖല പ്രത്യേക ആരോഗ്യ പരിപാടി – കൈതാങ്ങ് –2 | MO (PHC) | New | 50000 |
| 66 | സ്നേഹസ്പർശം 3 – വയോജന ആരോഗ്യ പരിപാടി | MO (PHC) | New | 200000 |
| 70 | മുണ്ട്യത്താൽ പന്നിക്കൊട റോഡ് റീടാറിംഗ് | AE(LSGD) | New | 500000 |
| 74 | എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ | HM(GUPS) | New | 800000 |
| 76 | വിദ്യാലയങ്ങൾക്കും പഞ്ചായത്ത് ലൈബ്രറികൾക്കും ദിനപത്രവും ആനുകാലികങ്ങളും നൽകൽ | HM(GUPS) | New | 100000 |
| 78 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്ബത്ത നൽകൽ | SUP (ICDS) | New | 1450000 |
| 79 | പഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങളിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി | HM(GUPS) | New | 75000 |
| 82 | പള്ളിപാറ ശിശുമന്ദിരത്തിലേക്ക് പോഷകാഹാര വിതരണം | SUP (ICDS) | New | 50000 |
| 85 | തുല്യതാ പഠനം | HM(GUPS) | New | 60000 |
| 86 | കേരളോത്സവം | HM(GUPS) | New | 70000 |
| 87 | അംഗൻവാടികൾക്ക് സ്റ്റെന്‍ലെസ് സ്റ്റീൽ പ്രഷർ കുക്കർ വാങ്ങൽ | SUP (ICDS) | New | 50750 |
| 91 | മന്ദച്ചംവയൽ പിഎംജിഎസ് വൈ റോഡ് ബാക്കി ഭാഗം റീ ടാറിംഗ് | AE(LSGD) | New | 700000 |
| 93 | ഭവന പുനരുദ്ധാരണം പട്ടികവർഗം | VEO | New | 450000 |
| 98 | വടക്കേക്കര ശ്മശാനം പരട് കയ്യൂർ മൃഗാശുപത്രി റോഡ് റീടാറിംഗ് | AE(LSGD) | New | 1000000 |

| | | | | |
|---|---|---|---|---|
| 103 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | VETS | New | 500000 |
| 114 | മുറ്റൊത്തൊരു മീൻ തോട്ടം | SI(FIS) | New | 100000 |
| 116 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം | VEO | New | 204900 |
| 121 | നൃഞ്ഞ ചിറക്കുണ്ട് പട്ടോട് റോഡ് റീടാറിംഗ് | AE(LSGD) | New | 700000 |
| 124 | പാലിന് സബ്സിഡി | DFI | New | 2100000 |
| 127 | നാപ്പച്ചാൽ രാമൻചിറ റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 129 | വലിയപൊയിൽ കുളപ്പുറം പന്നിക്കൊട റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 131 | പെരിങ്ങാര മന്ദച്ചംവയൽ റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 134 | നിടുംബ തച്ചർണ്ണംപൊയിൽ റോഡ് ടാറിംഗ് -മുണ്ട മുതൽ തച്ചർണ്ണംപൊയിൽ വരെ | AE(LSGD) | New | 300000 |
| 135 | പുല്ലാഞ്ഞിപ്പാറ ചെറൂപ്പ റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 136 | കുതിരുംചാൽ ആട്ടക്കാരൻമൂല ചാലിൻമൊട്ട റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 137 | പലോം പെരുമ്പായി റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 139 | കൃഷി ഭവൻ -കണ്ടിന്ജൻസി ചെലവുകൾ | AO | New | 61400 |
| 142 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ക്ലാർക്ക് നിയമനം | AE(LSGD) | New | 250000 |
| 143 | എൽ എസ് ജി ഡി അസിസ്റ്റന്റ് എന്ജിനീയർക്ക് വാഹനം വാടകയ്ക്കെടുക്കൽ | AE(LSGD) | New | 420000 |
| 144 | ഹരിതകർമസേന പ്രവർത്തനങ്ങൾ | VEO | New | 229000 |
| 147 | ആയുർവേദ ആശുപത്രി കണ്ടിജൻസി ചെലവുകൾ | MO (AYU) | New | 150000 |
| 148 | കയ്യൂർ എഫ്എച്ച്സിയിലെ ദൈനംദിന ചെലവുകൾ | MO (PHC) | New | 200000 |
| 151 | ഉറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ | VEO | New | 480000 |
| 153 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ടി എസ് പി | SEC (GP) | New | 41850 |
| 154 | ചീമേനി ഗവ ഹോമിയോ ഡിസ്പെൻസറി കണ്ടിജെൻസി ചിലവുകൾ | MO (HOM) | New | 35000 |

| | | | | |
|---|---|---|---|---|
| 155 | നാലിലാംകണ്ടം സ്കൂളിന് സൌണ്ട് സിസ്റ്റം | HM(GUPS) | New | 50000 |
| 157 | കിണർ റീചാർജ് | AO | New | 520000 |
| 158 | സർക്കാർ വിദ്യാലയങ്ങളുടെ കണ്ടിജൻസി ചെലവ് | HM(GUPS) | New | 79000 |
| 161 | ക്ലീൻകേരള കമ്പിനിക്ക് തുക കൈമാറൽ | SEC (GP) | New | 1646832 |
| 162 | പഞ്ചായത്ത് ഓഫീസിൽ ഫർണ്ണിച്ചർ വാങ്ങൽ | SEC (GP) | New | 150490 |
| 165 | തിമിരി പട്ടറപ്പൻ അമ്പലം റോഡ് റീടാറിംഗ് | AE(LSGD) | New | 270000 |
| 173 | തെരുവ് വിളക്ക് സ്ഥാപിക്കലും അറ്റകുറ്റപ്പണിയും | SEC (GP) | New | 100000 |
| 175 | ജൈവവൈവിധ്യ രജിസ്റ്റർ കാലികമാക്കൽ | SEC (GP) | New | 100000 |
| 227 | റിട്രോഫിറ്റിംഗ് സംവിധാനം ഏർപ്പെടുത്തൽ | VEO | New | 100000 |
| 228 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | SUP (ICDS) | New | 3300000 |
| 229 | ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തൽ | MO (AYU) | New | 100000 |
| 230 | ആയുർവേദാശുപത്രിയിലെക്ക് ലാബ് റീഏജന്റ് വാങ്ങൽ | MO (AYU) | New | 70000 |
| 232 | ആയുർവേദാശുപത്രിയിലെ ഗ്യാസ് പൈപ്പ് കണക്ഷൻ നന്നാക്കൽ | MO (AYU) | New | 80000 |
| 233 | ആംബുലൻസ് മെയിന്റനൻസ് | MO (PHC) | New | 565000 |
| 234 | പ്രഥമ ശുശ്രൂഷ കിറ്റ് വിതരണവും ജീവൻ രക്ഷാ പരിശീലനവും | MO (PHC) | New | 103237 |
| 235 | ജല സുരക്ഷാ സ്ഥാപനങ്ങളുടെ കുടിവെള്ള പരിശോധന | MO (PHC) | New | 103000 |
| 237 | തിമിരി കൊരയിച്ചാൽ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | SEC (GP) | New | 39610 |
| 238 | പഞ്ചായത്ത് ഓഫീസിൽ ക്യാമറ സ്ഥാപിക്കൽ | SEC (GP) | New | 37500 |
| 240 | ഡിജിറ്റൽ സാക്ഷരത | HM(GUPS) | New | 50000 |

| | | | | |
|---|---|---|---|---|
| 247 | സാനിറ്ററി പാഡ് ഡിസ്ട്രോയർ | SEC (GP) | New | 77700 |
| 248 | കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ കോ ബ്രാൻഡിംഗും മറ്റ് ഭൗതിക സാഹചര്യങ്ങൾ ഒരുക്കലും | MO (PHC) | New | 100000 |
| 249 | MCF ലേക്ക് ഉപകരണങ്ങൾ വാങ്ങൽ | As SEC | New | 80888 |
| 250 | IEC പ്രവർത്തനങ്ങൾ | VEO | New | 50000 |
| 251 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | MO (PHC) | New | 367000 |
| 252 | കുടുംബാരോഗ്യ കേന്ദ്രത്തിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | MO (PHC) | New | 869000 |
| 254 | എസ് സി മിശ്രവിവാഹിതർക്ക് ധനസഹായം | As SEC | New | 525000 |
| 262 | മിനി മാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ | SEC (GP) | New | 53530 |
| 263 | സ്നേഹതീരം ബഡ്സ് സ്കൂളിന് വാഹനം വാങ്ങൽ | SEC (GP) | New | 1666000 |
| 264 | അതിദരിദ്ര കുടുംബത്തിന് ഭവന പുനരുദ്ധാരണം | VEO | New | 200000 |
| 266 | ചീമേനി ആയുർവേദാശുപത്രിയിൽ ഇൻവെർട്ടറും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | MO (AYU) | New | 211000 |
| 276 | ജീവിത ശൈലി രോഗ ക്ലിനിക്കും യോഗ പരിശീലനവും | MO (AYU) | New | 240000 |
| 278 | എസ്ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | As SEC | New | 40000 |
| 279 | തെരുവ് വിളക്ക് ലൈൻ വലിക്കൽ | SEC (GP) | New | 638570 |
| 176 | സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം അടിസ്ഥാന സൗകര്യം ഒരുക്കൽ | AE(LSGD) | SO | 144283 |
| 177 | പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ചീമേനി ടൌണിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | AE(LSGD) | SO | 8074000 |
| 178 | അസിസ്റ്റൻ്റ് എഞ്ചിനീയറുടെ ഓഫീസിൽ ക്ലാർക്ക് നിയമനം | AE(LSGD) | SO | 148830 |

| | | | | |
|---|---|---|---|---|
| 179 | ചെമ്പ്രകാനം ടെയ്ക്ക് എ ബ്രേക്കിന് ബോർവെൽ നിർമ്മാണവും മോട്ടോർ അനുബന്ധ വൈദ്യുതീകരണവും | AE(LSGD) | SO | 256215 |
| 180 | തിമിരി സേവാഗ്രാമം പൊതു ശൌചാലയ നിർമ്മാണം | AE(LSGD) | SO | 300000 |
| 181 | മുഴക്കോം ഹോമിയോ ആശുപത്രി മതിൽ സംരക്ഷണവും ഡ്രെയിനേജ് നിർമ്മാണവും | AE(LSGD) | SO | 100000 |
| 182 | മുഴക്കോം സാംസ്കാരിക നിലയത്തിന് കുടിവെള്ള സൌകര്യം ഒരുക്കൽ | AE(LSGD) | SO | 125857 |
| 183 | തിമിരി പൊതു ശ്മശാനത്തിന് ടോയ്‌ലെറ്റ് അനുബന്ധ സൗകര്യങ്ങളും | AE(LSGD) | SO | 400000 |
| 185 | ഗോബർദ്ധൻ ബയോഗ്യാസ് പദ്ധതി | AE(LSGD) | SO | 1343495 |
| 186 | പുലിയന്നൂർ ജിഎൽ പി സ്കൂളിനു ശുചിത്വ കോംപ്ലക്സ് | AE(LSGD) | SO | 126817 |
| 188 | എം സി എഫിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ | AE(LSGD) | SO | 250384 |
| 189 | പഞ്ചായത്ത് ബസ് സ്റ്റാന്റിൽ ശുചിത്വ കോംപ്ലക്സ് നിർമ്മാണം | AE(LSGD) | SO | 718610 |
| 190 | തെക്കേച്ചാൽ ചള്ളുവക്കോട് നിടുംബ റോഡ് റീടാറിംഗ് | AE(LSGD) | SO | 1289984 |
| 191 | ബസ് സ്റ്റാന്റ് നിർമാണം – മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ | AE(LSGD) | SO | 500000 |
| 192 | പൊതുകിണർ അറ്റകുറ്റപ്പണി | AE(LSGD) | SO | 24694 |
| 193 | ചെറിയാക്കര സ്കൂളിനു ശുചിത്വ കോംപ്ലെക്സ് നിർമ്മാണം | AE(LSGD) | SO | 515343 |
| 194 | പള്ളിപ്പാറ ശിശു മന്ദിരത്തിനു ടോയ്‌ലെറ്റ് നിർമ്മാണം | AE(LSGD) | SO | 101012 |
| 196 | ചെറിയാക്കര സ്കൂൾ റോഡ് റീടാറിംഗും ഡ്രെയിനേജ് നിർമ്മാണവും | AE(LSGD) | SO | 294053 |
| 198 | വലിയപൊയിൽ സബ്ബ് സെൻറർ നവീകരണം | AE(LSGD) | SO | 700000 |
| 199 | മുഴക്കോം പൊതുകുളം നവീകരണവും കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കലും | AE(LSGD) | SO | 786322 |
| 200 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ | AE(LSGD) | SO | 16000 |

| | | | | |
|---|---|---|---|---|
| | RTRACK | | | |
| 201 | പഞ്ചായത്ത് ബസ്സ്സ്റ്റാന്റ് നിർമ്മാണം- പ്രാരംഭ പ്രവർത്തനങ്ങൾ | AE(LSGD) | SO | 80631 |
| 202 | എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്കെടുക്കൽ | AE(LSGD) | SO | 127820 |
| 203 | പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപണികൾ | AE(LSGD) | SO | 200000 |
| 204 | പൊതുകിണർ റിപ്പയർ | AE(LSGD) | SO | 500000 |
| 205 | പഞ്ചായത്ത് കോമ്പോണ്ടിൽ ബോർവെൽ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | AE(LSGD) | SO | 112743 |
| 206 | പെട്ടികുണ്ട് സബ്ബ് സെൻറർ നവീകരണം | AE(LSGD) | SO | 700000 |
| 207 | അംഗനവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ | AE(LSGD) | SO | 521040 |
| 208 | പഞ്ചായത്ത് ബസ് സ്റ്റാന്റിലെ ശുചിത്വ കോംപ്ലക്സിനുള്ള അടിസ്ഥാന സൌകര്യങ്ങൾ | AE(LSGD) | SO | 597805 |
| 209 | കാനോത്തുംപൊയിൽ കുളിയാട് പാലം റോഡ് റീടാറിംഗ് | AE(LSGD) | SO | 125363 |
| 210 | ലൈഫ് ഭവനപദ്ധതി 22 23 | VEO | SO | 3718571 |
| 211 | ലൈഫ് ഭവനപദ്ധതി 22 23 പട്ടിക വർഗം | VEO | SO | 2941473 |
| 212 | അതിദരിദ്ര കുടുംബങ്ങൾക്ക് ടോയ് ലെറ്റ് നിർമ്മാണം | VEO | SO | 34200 |
| 213 | ലൈഫ് ഭവനപദ്ധതി 21-22 പട്ടികജാതി | VEO | SO | 4131473 |
| 214 | ലൈഫ് ഭവനപദ്ധതി പട്ടികജാതി | VEO | SO | 3531402 |
| 215 | ഒ ഡി എഫ് പ്ലസ് ടോയ് ലെറ്റ് നിർമ്മാണം | VEO | SO | 396000 |
| 216 | കുടുംബശ്രീ യൂനിറ്റിനു സ്വയം തൊഴിൽ ധനസഹായം | VEO | SO | 800000 |
| 217 | റിംഗ് കമ്പോസ്റ്റ് വിതരണം | VEO | SO | 171200 |
| 218 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി | VEO | SO | 242128 |
| 219 | ആയുർവേദാശുപത്രിയിൽ ലാബിന്റെ | MO (AYU) | SO | 86740 |

| | | | | |
|---|---|---|---|---|
| | അടിസ്ഥാനസൌകര്യം വർധിപ്പിക്കൽ | | | |
| 220 | കന്നുകുട്ടി പരിപാലനം | VETS | SO | 751607 |
| 221 | മുറ്റത്തൊരു മീൻത്തോട്ടം | SI(FIS) | SO | 200000 |
| 222 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗ നിർണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | MO (PHC) | SO | 177848 |
| 223 | ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻറ് വെല്ലെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | MO (PHC) | SO | 215000 |
| 244 | ബഡ്സ് സ്കൂൾ നടത്തിപ്പ് | As SEC | SO | 69926 |
| 245 | MCF പൂർത്തീകരണവും അഗ്നിരക്ഷാ സംവിധാനം ഒരുക്കലും | AE(LSGD) | SO | 450000 |
| 282 | വിവിധ അംഗനവാടികൾക്കും കമ്മ്യൂണിറ്റി ഹാളിനും ബോർവെൽ മോട്ടോർ അനുബന്ധ വൈദ്യുതീകരണം | AE(LSGD) | SO | 900000 |
| 8 | ബഡ്സ് സ്കൂൾ പ്രവർത്തനം | As SEC | New | 1960995 |
| 20 | പാംപെരിങ്ങാര കുണ്ട്യം റോഡ് വീതികൂട്ടി റീടാറിംഗ് | AE(LSGD) | New | 1368704 |
| 23 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | MO (AYU) | New | 1023120 |
| 32 | കവുങ്ങ് കൃഷി വികസനം | AO | New | 727030 |
| 33 | നെൽകൃഷി വികസനം | AO | New | 1807500 |
| 37 | ചീമേനി പയ്യാറട്ട് റോഡ് റീ ടാറിംഗ് | AE(LSGD) | New | 755941 |
| 38 | തൊട്ടുവാളി വണ്ണാത്തിക്കാനം റോഡ് റീ ടാറിംഗ് | AE(LSGD) | New | 1000000 |
| 39 | വിശപ്പുരഹിതകേരളം - ജനകീയഹോട്ടൽ നടത്തിപ്പ് | As SEC | New | 197420 |
| 40 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | As SEC | New | 163981 |
| 47 | ലൈഫ് ഭവന പദ്ധതി ജനറൽ 2023-24 | VEO | New | 13341508 |
| 67 | മുണ്ട എലിക്കോട്ടു പൊയിൽ റോഡ് റീ ടാറിംഗ് | AE(LSGD) | New | 400000 |
| 69 | കണ്ണാടിപ്പാറ തിമിരി റോഡ് റീടാറിംഗ് | AE(LSGD) | New | 987101 |
| 81 | കള്ളക്കൊല്ലി പെരുന്തോൽ റോഡ് | AE(LSGD) | New | 1000000 |

| | | | | |
|---|---|---|---|---|
| | റീടാറിംഗ് | | | |
| 88 | രാമഞ്ചിറ നാപ്പച്ചാൽ റോഡ് റീ ടാറിംഗ് | AE(LSGD) | New | 864102 |
| 89 | മുഴക്കോം സ്കൂൾ റോഡ് റീ ടാറിംഗ് | AE(LSGD) | New | 599820 |
| 97 | ഭവന പുനരുദ്ധാരണം പട്ടികജാതി | VEO | New | 900000 |
| 101 | പുലിയന്നൂർ കമ്മ്യൂണിറ്റിഹാൾ നവീകരണം | AE(LSGD) | New | 388100 |
| 102 | ആനക്കാംപൊയിൽ നരിയൻമൂല കരപ്പാത്ത് ഞാണ്ടാടി റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 104 | പള്ളിപ്പാറ കുളിയാട് റോഡ് റീടാറിംഗ് | AE(LSGD) | New | 902153 |
| 105 | കയ്യൂർ വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ഇൻവെർട്ടരും പ്രിൻ്ററും | VETS | New | 37084 |
| 108 | പിലാവളപ്പ് കിഴക്കേക്കര റോഡിന് ഡ്രൈനേജ് നിർമ്മാണവും റീടാറിങ്ങും | AE(LSGD) | New | 1675429 |
| 109 | ചീമേനി വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് വാട്ടർ പ്യൂരിഫയരും ഡിജിറ്റൽ ലുക്ക് യന്ത്രവും ഡിജിറ്റൽ വെയിങ് സ്കെയിൽ | VETS | New | 26947 |
| 113 | ചീമേനി ആയുർവേദ ആശുപത്രിക്ക് അറ്റകുറ്റപ്പണികൾചുറ്റുമതിൽ നിർമാണം | AE(LSGD) | New | 2000000 |
| 119 | മാങ്ങോട് തട്ട് താങ്കെക്കടവ് റോഡ് ടാറിംഗ് | AE(LSGD) | New | 400000 |
| 122 | ചാനടുക്കം പെട്ടികുണ്ട് റോഡ് വീതി കൂട്ടി റീ ടാറിംഗ് | AE(LSGD) | New | 932655 |
| 128 | ഐ ടി ഐ പട്ടുപാറ പലോത്ത് റോഡ് റീ ടാറിംഗ് | AE(LSGD) | New | 950403 |
| 140 | സഫലം വനിതാ കശുവണ്ടി യുനിറ്റിനു കളം നിർമ്മാണം | AE(LSGD) | New | 215936 |
| 141 | മൃഗാശുപത്രിയുടെ വൈദ്യുതി വെള്ളക്കരം ടെലിഫോൺ മറ്റ് ഓഫീസ് ചെലവുകൾ | VETS | New | 49917 |
| 145 | കയ്യൂർ ലൈബ്രറി കെട്ടിടം അറ്റകുറ്റപ്പണിയും കുടിവെള്ള സംവിധാനം ഏർപ്പെടുത്തലും | AE(LSGD) | New | 350480 |
| 150 | പൊതുമരാമത്ത് പ്രവർത്തികൾക്ക് ടെൻഡർ എക്സസ് നൽകുന്നതിന്2022-23 | AE(LSGD) | New | 184017 |

| | | | | |
|---|---|---|---|---|
| | വാർഷിക പദ്ധതി | | | |
| 156 | വനിതകൾക് സ്വയംതൊഴിൽ – വ്യക്തിഗതം | VEO | New | 1560000 |
| 163 | ചീമേനി ഗവ ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറുംഅനുബന്ധ ഉപകരണം വാങ്ങിക്കൽ | MO (HOM) | New | 81400 |
| 167 | പാലത്തേര കൊരയിച്ചാൽ റോഡിൽ കൽവേർട്ട് പുനർനിർമാണം | AE(LSGD) | New | 3000000 |
| 174 | പ്രത്യാശ അതിദാരിദ്ര നിർമ്മാർജനം-ചികിൽസാ സേവന പദ്ധതി | MO (PHC) | New | 190000 |
| 224 | സ്കൂളുകൾക്ക് ഖര മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തൽ | AE(LSGD) | New | 1200000 |
| 225 | വ്യക്തിഗത കുടുംബങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ | VEO | New | 1350360 |
| 236 | ക്ലായിക്കോട് അംഗൻവാടി മെയിൻറനൻസും ചുറ്റുമതിൽ നിർമ്മാണവും | AE(LSGD) | New | 619717 |
| 239 | ചെമ്പ്രകാനം ടെയ്ക്ക് ബ്രേക്ക് പൂർത്തീകരണം | AE(LSGD) | New | 50000 |
| 241 | സി എഫ് സി സ്പിൽ ഓവർ വിഹിതം ഉപയോഗിച്ച് സ്കൂളുകൾക്ക് ഖരമാലിന്യ സംസ്കരണ സംവിധാനം | AE(LSGD) | New | 1600000 |
| 242 | സി എഫ് സി സ്പിൽ ഓവർ വിഹിതം ഉപയോഗിച്ച് മിനി എം സി എഫ് നിർമ്മാണം | AE(LSGD) | New | 960000 |
| 246 | MCF നവീകരണം | AE(LSGD) | New | 200000 |
| 255 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | As SEC | New | 340000 |
| 257 | ചീമേനി ടെയ്ക്ക് എ ബ്രേക്ക് ഇലക്ട്രിഫിക്കേഷൻ | AE(LSGD) | New | 207000 |
| 261 | എം സി എഫിൽ സിസിടിവി ക്യാമറ സ്ഥാപിക്കൽ | SEC (GP) | New | 160000 |
| 269 | ചീമേനി കിഴക്കേക്കര റോഡ് റീ ടാറിംഗ് | AE(LSGD) | New | 1355681 |
| 273 | അരയാലിൻകീഴിൽ കുളപ്പുറം ആലന്തട്ട റോഡ്  റീ ടാറിംഗ് | AE(LSGD) | New | 942412 |

| | | | | |
|---|---|---|---|---|
| 274 | കാക്കടവ് അറുകര റോഡ് റീ ടാറിംഗ് | AE(LSGD) | New | 559252 |
| 275 | ചീമേനി ആയുർവേദാശുപത്രിയിൽ ദ്രവമാലിന്യസംസ്കരണപ്ലാന്റും ജലസംഭരണിയും സ്ഥാപിക്കൽ | AE(LSGD) | New | 4000000 |
| 277 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഇൻവേർട്ടർ വാങ്ങൽ | AE(LSGD) | New | 55000 |
| 280 | ഉദയ ക്ലബ്ബ് വെള്ളാട്ട്  റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 281 | അസിസ്റ്റൻറ് എഞ്ചിനീയറുടെ ഓഫീസിൽ കമ്പ്യൂട്ടർ വാങ്ങൽ | AE(LSGD) | New | 55000 |
| 283 | കയ്യൂർ ഗവഎൽ പി സ്കൂൾ കെട്ടിടത്തിന് വൈദ്യുതീകരണം | SEC (GP) | New | 75801 |
| 284 | ISO സർട്ടിഫിക്കേഷൻ പുതുക്കൽ | SEC (GP) | New | 40000 |
| 285 | ലൈഫ് ഭവന പദ്ധതി പട്ടികജാതി | VEO | New | 1840000 |
| 286 | വ്യക്തിഗത കക്കൂസ് നിർമാണംഎസ്ബിഎം ഫേസ്2 | VEO | New | 384000 |
| 22 | പാംപെരിങ്ങാര ഇടത്തിനാംകുഴി റോഡ് റീടാറിംഗ് | AE(LSGD) | New | 1000000 |
| 90 | ചെറുവപ്പാടി പെട്ടിക്കുണ്ട് കുണ്ട്യം റോഡ് വീതി കൂട്ടി റീ ടാറിംഗ് | AE(LSGD) | New | 2500000 |
| 99 | പുലിയന്നൂർ ചീർക്കുളം അമ്പലം റോഡ് വീതികൂട്ടി റീ ടാറിംഗ് | AE(LSGD) | New | 1000000 |
| 100 | അമ്മംകോട് ചീനള റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 112 | ഹോമിയോ ആശുപത്രിയിൽ യോഗ ഹാൾ നിർമ്മാണം ഫാർമസി നവീകരണം പെയിന്റിംഗ് | AE(LSGD) | New | 450000 |
| 130 | പലോം പട്ടു പാറ ആലന്തട്ട അമ്പലം റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 132 | കുപ്പമൺ ഭജന മഠം റോഡ് റീ ടാറിംഗ് | AE(LSGD) | New | 200000 |
| 133 | പിലാന്തോളി ചള്ളുവക്കോട് റോഡ് ടാറിംഗ് | AE(LSGD) | New | 300000 |
| 152 | അരയാക്കടവ് കയ്യൂർ റോഡ് അറ്റകുറ്റപണി | AE(LSGD) | New | 1000000 |
| 168 | മുഴക്കോം എം സി എഫിന് ചുറ്റമതിൽ നിർമാണവും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും | AE(LSGD) | New | 500000 |
| 169 | വെള്ളാട്ട് തണ്ടാലത്ത് മുച്ചിലോട്ട് റോഡ് | AE(LSGD) | New | 500000 |

| | | | | |
|---|---|---|---|---|
| | ബാക്കി ഭാഗം റീ ടാറിംഗ് | | | |
| 172 | തൊട്ടുവാളി ഒയോളം റോഡ് റീടാറിംഗ് | AE(LSGD) | New | 250000 |
| 226 | ആയുർവേദാശുപത്രിയിൽ കുഴൽ കിണർ നിർമ്മാണം | AE(LSGD) | New | 120000 |
| 243 | കാക്കടവ് പത്തായപ്പാറ ടൂറിസം വികസനം | AE(LSGD) | New | 9900000 |
| 253 | കയ്യൂർ കുടുംബാരോഗ്യ കേന്ദ്രത്തിൻറെ കീഴിലെ മെയിൻ സെൻററർ കയ്യൂർ ഉപ കേന്ദ്രത്തിന് കെട്ടിട നിർമ്മാണം | AE(LSGD) | New | 2775000 |
| 256 | പലോം മയ്യൽ റോഡ് റീ ടാറിംഗ് | AE(LSGD) | New | 1200000 |
| 258 | കയ്യൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് ഗേറ്റ് ചുറ്റമതിൽ നിർമ്മാണം | AE(LSGD) | New | 500000 |
| 259 | പട്ടോട് അംഗൻവാടി നവീകരണം | AE(LSGD) | New | 500000 |
| 265 | മുഴക്കോം ഗവയുപി സ്കൂളിന് കഞ്ഞിപ്പുര നിർമ്മാണം | AE(LSGD) | New | 1291613 |
| 267 | മൊടോന്തടം പയ്യാടക്കൻകുഴി കനീരെകീഴിൽ ഇരിയൽ റോഡ് റീ ടാറിംഗ് | AE(LSGD) | New | 500000 |
| 268 | കയ്യൂർ സ്മാരകം ചെറിയാക്കര റോഡ് റീ ടാറിംഗ് | AE(LSGD) | New | 1000000 |
| 270 | കുന്നുംകിണറ്റുംകര പാലത്തേര റോഡ് റീ ടാറിംഗ് | AE(LSGD) | New | 600000 |
| 271 | മുഴക്കോം കിഴക്കേക്കര സാംസ്കാരിക നിലയം റോഡ് റീ ടാറിംഗ് | AE(LSGD) | New | 250000 |
| 272 | വലിയപൊയിൽ അരയാലിൻകീഴിൽ റോഡ് റീ ടാറിംഗ് | AE(LSGD) | New | 250000 |

# അദ്ധ്യായം 4

# വികസന കാഴ്ചപാട് ലക്ഷ്യങ്ങൾ തന്ത്രം

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ വികസന പാതയിലെ പുതിയ ദൌത്യമാണ് *2024-25* വാർഷിക പദ്ധതി രൂപീകരണം. ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെയുള്ള സമഗ്രവികസനം എന്ന കാഴപാടിൽ നിന്നു കൊണ്ടാണ് *2024-25* വാർഷിക പദ്ധതി ഭരണസമിതി വിഭാവനം ചെയ്തിട്ടുള്ളത്. പാരിസ്ഥിതിക സൗഹൃദ ഉല്പാദന രീതികളിലൂടെ കാർഷിക വിളവർദ്ധനവും സാമൂഹിക ഇടപെടലിലൂടെ മാലിന്യരഹിത പഞ്ചായത്ത് എന്ന സങ്കല്പവും ഈ പദ്ധതി രൂപീകരണത്തെ സ്വാധീനിച്ച കാഴ്ചപാടുകളാണ്. അടിസ്ഥാന സൗകര്യ വികസനത്തിൽ വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി വിവിധ മേഖലകളിൽ കൂടുതൽ സേവനങ്ങൾ പ്രദാനം ചെയ്യത്തക്ക വിധത്തിൽ ആയത് സജ്ജീകരിക്കുന്നതിനാണ് ലക്ഷ്യം വെച്ചിട്ടുള്ളത്. ഇ-ഗവണൻസിലൂടെ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി പഞ്ചായത്ത് ഓഫീസ് അടക്കം ഘടകസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണം മെച്ചപ്പെടുത്തുന്നതും സേവന പ്രദാന വിഷയങ്ങളിൽ ഐ,എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഭരണസമിതിയുടെ വികസന കാഴ്ചപ്പാടിൽപെടുന്നു. സുസജ്ജമായ ടൗൺ എന്ന നിലയിൽ ചീമേനി ടൗണിനെ തയ്യാറാക്കുന്നതിന്റെ ഭാഗമായി ചീമേനിയിൽ ഒരു ബസ്റ്റാന്റ് നിർമ്മിക്കുന്നതിനുള്ള ആസൂത്രണങ്ങൾ നടന്നുവരുന്നു. കാർഷികമേഖലയിൽ വിഷ രഹിത പച്ചക്കറി വ്യാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കുടുംബശ്രീ യൂനിറ്റുകളുടെ സഹായത്തോടെ പച്ചക്കറികൃഷി വികസനപദ്ധതി ആവിഷ്കരിച്ചു. അതേ മേഖലയിൽ അടിസ്ഥാന സൗകര്യം വികസനത്തിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. റോഡുകളുടെ വികസനം ലക്ഷ്യമിട്ട് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയോടൊപ്പം തന്നെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നുള്ള ഫണ്ടുകളും പിഎംജിഎസ്.വൈ പട്ടികജാതി പട്ടികവർഗ്ഗ മേഖലകളുടെ സമഗ്ര വികസനത്തിനും വേണ്ട പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

## *1.* കാർഷിക മേഖല

നവ കേരളത്തിന്റെ ഭാഗമായി ഹരിതകേരളം ഉപപദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കത്തക്ക വിധം പാരിസ്ഥിതിക സൗഹൃദ കാർഷിക വികസനം എന്ന കാഴ്ചപാടോടെ ഭക്ഷ്യ സ്വയം പര്യാപ്തത നേടുന്നതിനായി സമഗ്ര നെൽകൃഷി വികസനത്തിനും വിഷരഹിത പച്ചക്കറി വ്യാപനം എന്ന കാഴ്ചപ്പാടിൽ കുടുംബശ്രീ യൂണിറ്റുകൾ വഴി നടത്തുന്ന പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി, നാളികേരം നാണ്യ വിള വർദ്ധന വികസനം എന്നീ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ജല ദൗർലഭ്യം ഈ മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്ന

നിലയിൽ ആയത് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വിവിധ വി.സി.ബി കളുടെ പുനരുദ്ധാരണവും നിർമ്മാണവും ലക്ഷ്യമിടുന്നു.

### *2.* മൃഗ സംരക്ഷണ മേഖല

കാർഷിക മേഖലയുടെ അനുബന്ധ മേഖല എന്ന നിലയിൽ ക്ഷീര കർഷകർക്കാണ് ഈ മേഖലയിൽ മേൽകൈ. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ക്ഷീര മേഖലയ്ക്ക് നവോന്മേഷം പകരുന്നതിനും ഈ മേഖലയിലേക്ക് പുതിയ കർഷകരെ ആകർഷിക്കുതിനുമായി ക്ഷീരസംഘങ്ങൾ മുഖേനെ കർഷകർക്ക് പാൽ വില സബ്സിഡി നൽകി വരുന്നു. മികച്ച സേവനം പ്രദാനം ചെയ്യത്തക്ക വിധം മൃഗാശുപത്രിയുടെ ഭൗതീകസാഹചര്യം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.

### *3.* വിദ്യാഭ്യാസം കലാ സംസ്കാരം കായിക വികസനം യുവജനക്ഷേമം

സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തോടൊപ്പം തോൾ ചേർന്ന്കൊണ്ട് പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ അധീനതയിലുള്ള സർക്കാർ സ്കൂളുകളുടെ സമഗ്ര വികസനമാണ് വിദ്യാഭ്യാസ മേഖലയിലെ വികസന കാഴ്ചപാട്. മികച്ച പഠന നിലവാരവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി കൂടുതൽ കൂടുതൽ പഠിതാക്കളെ പൊതുവിദ്യാഭ്യാസ മേഖലയിലേക്ക് ആകർഷിക്കുക എന്നതാണ് ലക്ഷ്യം. എസ്.എസ്.എ വിഹിതം നൽകികൊണ്ട് സർക്കാർ പദ്ധതിയിൽ പങ്കാളിയായും വിദ്യാർത്ഥികളുടെ വായനശീലം വർദ്ധിപ്പിക്കുന്നതിനായി ദിനപത്രം, കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.

സാമൂഹ്യ ബോധമുള്ളതും ക്രിയാത്മകകവുമായ പുതു തലമമുറയെന്നതാണ് യുവജനരംഗത്തെ ഭരണ സമിതിയുടെ കാഴ്ചപ്പാട്. പുതുതലമുറയുടെ അലസത മാറ്റി സമൂഹ സൃഷ്ടിക്ക് പങ്കാളികളാവുക എന്നതാണ് ലക്ഷ്യം. കായിക വിനോദങ്ങളിലൂടെ ശാരീരികവും മാനസികവുമായ യുവതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സമഗ്ര കായിക വികസനം എന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ഗ്രാമീണ യുവജനങ്ങളുടെ കലാ-കായിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരളോത്സവം പദ്ധതിക്കായി തുക വിനിയോഗിക്കുന്നു.

### *4.* സാമൂഹ്യ നീതി

അണുകുടുംബങ്ങളിലെ ഒറ്റപ്പെടലും അവഗണനയും അനുഭവിക്കുന്നവരെന്ന നിലയിൽ വൃദ്ധജനങ്ങളുടെ ക്ഷേമം ഈ മേഖലയിലെ മുഖ്യ കാഴചപാടാണ്. ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പ് വരുത്തുക എന്നതും ശിശുക്കളുടെയും ഗർഭിണികളായ അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുഞ്ഞുങ്ങൾ എന്നിവരുടെ ആരോഗ്യ സംരക്ഷണവും ഭരണസമിതിയുടെ വികസനലക്ഷ്യങ്ങളാണ്. വീട്ടിലെ ഒറ്റപ്പെടലിന്റെ വിരസതയിൽ നിന്ന് വൃദ്ധജനങ്ങളെ

മോചിപ്പിക്കുക, പോഷകാഹാര സമൃദ്ധമായ ആഹരത്തിലൂടെ കുട്ടികളുടെയും അമ്മമാരുടെയും കൗമാര പ്രായക്കാരായ പെൺകുട്ടികളുടെയും ആരോഗ്യം ഉറപ്പാക്കുക. എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസം എന്നിവയും ലക്ഷ്യം വെക്കുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വൃദ്ധജനപരിപാലനത്തിനും അംഗൻവാടി അനുപൂരക പോഷകാഹാര വിതരണത്തിനും വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണവും ബഡ്സ് സ്കൂൾ നടത്തിപ്പ് തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്തു.

### 5. ജെന്റർ വികസനവും കുട്ടികളുടെ വികസനവും

ജെൻഡർ സമീപനങ്ങൾ അവലംബിച്ച് സ്ത്രീകളുടെ പദവി ഉയർത്തി കലാ- സാമൂഹിക സാംസ്കാരിക മേഖലകളിൽ സ്ത്രീകളെ ശാക്തീകരിക്കുക എന്നതാണ് ഈ മേഖലയിലെ വികസന കാഴ്ചപ്പാട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കത്തക്കവിധം സ്ത്രീകൾക്ക് നിയമ ബോധവൽക്കരണം നൽകുക. കുടുംബത്തിലും സമൂഹത്തിലും പദവി ഉയർത്തക്കവിധം വരുമാന വർദ്ധനവും ഉണ്ടാക്കുക. നിയമപരമായി സഹായിക്കുന്നതിനുള്ള സംവിധാനമെന്ന നിലയിൽ ജാഗ്രതസമിതികൾ രൂപീകരിക്കുന്നു. വരുമാന വർദ്ധനവിനായി കുടുംബശ്രീ യൂണിറ്റുകൾ സ്വയം തൊഴിൽ സംരഭങ്ങൾ അനുവദിക്കുന്നു.

### 6. ആരോഗ്യം

ആയുർവേദം, ഹോമിയോ, അലോപ്പതി ആശുപത്രികളിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കി. ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു. കിടപ്പ് രോഗികൾക്ക് സാന്ത്വനപരിചരണത്തിലൂടെ ആശ്വാസമേകുക, വിദൂര സ്ഥലങ്ങളിൽ ചികിത്സാ സൗകര്യമൊരുക്കുക എന്നിവയാണ് വികസനകാഴ്ചപാട്. വിവിധ ചികിത്സാ സമ്പ്രദായങ്ങൾക്ക് മരുന്ന് ലഭ്യമാക്കുക. പാലിയേറ്റീവ് കെയർ പ്രവർത്തന സജ്ജമാക്കുക, സബ്സെന്ററുകളുടെ പ്രവർത്തനങ്ങൾ സജീവമാക്കുക എന്നീ പ്രവർത്തനങ്ങൾ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുണ്ട്.

### 7. പ്രാദേശിക സാമ്പത്തിക വികസനം

പ്രാദേശിക സാമ്പത്തിക വികസനത്തിൽ ചെറുകിട സംരഭങ്ങൾ വളരെ പിന്നോക്കം നിൽക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് മാർക്കറ്റിംഗ് പരിശീലനത്തിന്റെ അഭാവം എന്നിവ ഈ മേഖലയിൽ പോരായ്മയായി നിലനിൽക്കുന്നു. കുടുംബശ്രീ സംരഭങ്ങളെ ശക്തിപ്പെടുത്തുന്നതിനും വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സ്വയം തൊഴിൽ തുടങ്ങുന്നതിനും പ്രോത്സാഹനം നൽകുന്ന സമീപനമാണ് ലക്ഷ്യമിടുന്നത്.

### *8.* ദാരിദ്ര്യലഘൂകരണം

ഏകദേശം *2067* കുടുബങ്ങൾ ഈപഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാന പരിധിയിൽ വരുന്നവരാണ്. സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി ലൈഫ് ഭവന പദ്ധതിയോട് ചേർന്ന് ദാരിദ്ര്യ നിർമ്മാർജ്ജനം പരിപാടി എന്ന നിലയിൽ വാസയോഗ്യമായ ഭവനങ്ങളുടെ ലക്ഷ്യം വെക്കുന്നു. കുടുംബത്തിലും സമൂഹത്തിലും സ്ത്രീകളുടെ സാമ്പത്തിക ദാരിദ്ര്യാവസ്ഥ പരിഹരിക്കുന്നതിനായി കുടുബശ്രീ യൂണിറ്റുകൾക്ക് സ്വയം തൊഴിൽ സംരഭങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

### *9.* കുടിവെള്ളം, ശുചിത്വം

കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ള ഒരു പ്രദേശമാണ് കയ്യൂർ ചീമേനി ബഹു:ഭൂരിപക്ഷം ജനങ്ങളും തുറന്ന കിണറുകളേയോ കുഴൽകിണറുകളേയോ ആണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. ഭൂഗർഭ ജലവിതാനം ക്രമാതീതമായി താഴ്ന്ന പോകുന്ന അവസ്ഥ ഈ മേഖലയിൽ ഗുരുതരമായ വെല്ലുവിളിയാണ്. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് എംജിഎൻആർഇജിഎസ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴക്കുഴികളും കിണർ റീ ചാർജിംഗ്, പൊതുകുളങ്ങളുടെ നവീകരണം എന്നീ പ്രവൃത്തികൾ ഏറ്റെടുത്തു. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ വിവിധ സ്ഥാപനങ്ങളിലെ കുടിവെള്ളക്ഷാമം പരിഗണിക്കുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളത്. ഹോമിയോ ആശുപത്രിക്ക് ഡ്രെയിനേജ്, വിവിധ കമ്മ്യൂണിറ്റി ഹാളുകൾക്ക് ശുചിത്വ സംവിധാനം എന്നിവ ഒരുക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തി ഭൂഗർഭ ജലത്തിന്റെ പോഷണത്തിനാവശ്യമായി കിണർ റീചാർജ്ജിംഗ് പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

### *10.* പട്ടികജാതിവികസനം

പഞ്ചായത്തിൽ *2011* സെൻസസ് പ്രകാരം ആകെ *884* ആളുകളാണ് ഈ വിഭാഗക്കാരായി ഈ പഞ്ചായത്തിൽ ഉള്ളത്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമെന്നനിലയിൽ പട്ടികജാതി വിഭാഗത്തെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സമഗ്രവികസന പരിപാടിയാണ് ഭരണസമിതിയുടെ വികസന കാഴ്ചപ്പാട്. പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ദാരിദ്രനിർമ്മാർജ്ജനവും കൃഷി പ്രോത്സാഹനത്തിലൂടെ കാർഷികവിള വർദ്ധനവും ലക്ഷ്യം വെയ്ക്കുന്നു. സാമൂഹ്യക്ഷേമം ലക്ഷ്യം വെച്ച് വൃദ്ധജനങ്ങളുടെ പരിപാലനവും പെൺകുട്ടികളുടെ വിവാഹധനസഹായവും നൽകുന്നതിന് പദ്ധതി ഏറ്റെടുത്തു. വിദ്യഭ്യാസ നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസം നേടിയ കുട്ടികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതിയും കുട്ടികൾക്ക് ഫർണ്ണിച്ചറും ആവിഷ്കരിച്ചിട്ടുണ്ട്. പാർപ്പിടമേഖലയിൽ ലൈഫ്ഭവനപദ്ധതിയും വീടുകളുടെ അറ്റകുറ്റപ്പണിയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പ്രത്യേക ആരോഗ്യ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

## 11. പട്ടികവ ർഗ്ഗം

ആകെ ജനസംഖ്യയിൽ വളരെ ചെറിയൊരു ശതമാനം മാത്രമാണ് പട്ടികവർഗ്ഗത്തിന്റെ ജനസംഖ്യ. പഞ്ചായത്തിൽ ആകെകൂടി *346* മാത്രമാണ് ഈ വിഭാഗത്തിന്റെ എണ്ണം. ആയതിനാൽ സമൂഹത്തിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ടവരെന്ന നിലയിൽ ഇവരെ പൊതുധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്നതാണ് ഭരണസമിതിയുടെ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി കാർഷിക മേഖലയിലും ദാരിദ്ര നിർമ്മാർജ്ജന മേഖലയിലും ദാരിദ്ര്യ നിർമ്മേർജ്ജന മേഖലയിലും സാമൂഹ്യ ക്ഷേമത്തിലും ഊന്നൽ നൽകിക്കൊണ്ടുള്ള വികസന കാഴ്ചപ്പാടാണ് പഞ്ചായത്തിനുള്ളത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി  കുട്ടികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതിയും കുട്ടികൾക്ക് ഫർണ്ണിച്ചറും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പ്രത്യേക ആരോഗ്യ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട് .

## *12.* അതിദാരിദ്ര്യനിർമ്മാർജ്ജനം

എല്ലാവർക്കും അവകാശരേഖകൾ ലഭ്യമാക്കി സർക്കാർ ആനുകൂല്യങ്ങൾ അർഹരായവരിലേക്ക് എത്തിച്ചു നൽകി 5 വർഷം കൊണ്ട് അതിദരിദ്ര്യരില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതി. പൗരന്റെ അടിസ്ഥാന അവകാശ രേഖകളായ റേഷൻ കാർഡ്, ആധാർ കാർഡ്, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് തുടങ്ങിയവ ഇല്ലാത്ത അതിദരിദ്രരെ അവകാശ രേഖകൾ ഉറപ്പാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് പദ്ധതിയുടെ ഭാഗമായി എത്തിക്കുക എന്നതും, അവകാശ രേഖകളുടെ അഭാവം മൂലം അനുകൂല്യങ്ങൾ നഷ്ടമാകുന്ന സ്ഥിതി ഇല്ലാതെയാക്കുക എന്നതുമാണ് പദ്ധതിയുടെ പ്രഥമ ലക്ഷ്യം. അടുത്ത 3 വർഷത്തിനുള്ളിൽ അതിദരിദ്രരില്ലാത്ത കേരളം യാഥാർഥ്യമാക്കാനുള്ള നടപടികളാണ് സർക്കാർ നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ അതിദാരിദ്ര്യ പട്ടികയിലുൾപ്പെട്ടിട്ടുള്ള 36 പേരിൽ ആധാർ കാർഡില്ലാത്ത 2 പേർക്കും , റേഷൻ കാർഡില്ലാത്ത 3 പേർക്കും, ഇലക്ഷൻ തിരിച്ചറിയൽ കാർഡില്ലാത്ത 3 പേർക്കും തിരിച്ചറിയൽ രേഖകൾ നൽകി അവകാശരേഖകൾ നൽകിയതായുള്ള പഞ്ചായത്ത് തല പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതിദാരിദ്ര്യ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ അടിസ്ഥാന അവകാശ രേഖകളായ റേഷൻകാർഡ്, ആധാർ കാർഡ്, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് എന്നിവ അടിയന്തിരമായി ലഭ്യമാക്കുന്നതിനും ഇത് സംബന്ധിച്ച് സംസ്ഥാന തല പ്രഖ്യാപനം നടത്തുന്നതിനും 01.10.2022 ലെ 8570/EPIP/2/2022/CRD നം സർക്കുലർ പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തല പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് 08.07.2022 തീയതി സർക്കാർ പുറപ്പെടുവിച്ച സഉ(കൈ) നം-146/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം, അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 36 പേരുടെയും കുടുംബത്തെ കുറിച്ചുള്ള വിവരങ്ങൾ, ഭക്ഷണം, ആരോഗ്യം, വരുമാനം, വിദ്യാഭ്യാസം, വീട്, ഭൂമി സംബന്ധമായ വിവരങ്ങൾ, ചുറ്റുപാടുകൾ

സംബന്ധിച്ച മൈക്രോപ്ലാൻ പുതിക്കുന്നതിനും, സമയബന്ധിതമായി സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലുൾപ്പെട്ട 36 ഗുണഭോക്താക്കളിൽ 9 പേരെ പ്രസ്തുത പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനും മൈക്രോപ്ലാൻ പുതുക്കുന്നതിനും 22.08. 2023 തീയതി ചേർന്ന ഭരണസമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിദാരിദ്ര്യ പട്ടികയിലുൾപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ 50% കുടുംബങ്ങളെ 2023 നവംബർ 1 ന് മുമ്പ് അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ആയതു പ്രകാരം ഭക്ഷണം മാത്രം, ആരോഗ്യം മാത്രം, ഭക്ഷണവും ആരോഗ്യവും മാത്രം എന്നീ മൂന്ന് വിഭാഗങ്ങളിലായി ക്ലേശ ഘടകങ്ങളെ അടിസ്ഥാനമാക്കി ആദ്യഘട്ടം എന്ന നിലയിൽ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ അതിദാരിദ്ര്യ പട്ടികയിലുൾപ്പെട്ട മേൽ ക്ലേശ ഘടകം മാത്രം ബാധകമായ കുടുംബങ്ങളിലെ അംഗങ്ങൾക്ക് തയ്യാറാക്കിയ മൈക്രോപ്ലാൻ പ്രകാരമുള്ള സേവനങ്ങൾ നൽകിയിട്ടുള്ളതായി ഭരണ സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ടിയാളുകളെയും പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## അദ്ധ്യായം 5

| വിഭവ സ്രോതസ്സുകൾ 2024-25 | | | |
|---|---|---|---|
| **നം** | **വിഭവ സ്രോതസ്സുകൾ** | | **വകയിരുത്തുന്ന തുക** |
| | **ഫണ്ട്** | | **2024-25** |
| 1 | വികസന ഫണ്ട് | ജനറൽ | 21502000 |
| | | എസ്.സി.പി | 2468000 |
| | | ടി.എസ്.പി | 689000 |
| 2 | മെയിന്റനൻസ് ഫണ്ട് | റോഡ് ഇതരം | 10854000 |
| | | റോഡ് | 32429000 |
| 3 | തനത്ഫണ്ട് | | 6923545 |
| 4 | സംസ്ഥാനാവിഷ്കൃതപദ്ധതി വിഹിതം | | 3300000 |
| 5 | കേന്ദ്രവിഷ്കൃതപദ്ധതിവിഹിതം | | 9844000 |
| 6 | വായ്പസഹ.സ്ഥാപനങ്ങളിൽ നിന്ന് | | 0 |
| 7 | വായ്പ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | 6189600 |
| 8 | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടക്കുന്നത് | | 311152 |
| 9 | ഗുണഭോക്തൃവിഹിതം ഗുണഭോക്താവ് നേരിട്ട് വഹിക്കുന്നത് | | 770604 |
| 10 | സന്നദ്ധസേവനം | | 0 |
| 11 | സംഭാവന | | 0 |
| 12 | മറ്റ്തദ്ദേശഭരണസ്ഥാനങ്ങളിൽ നിന്നുള്ള വിഹിതം | | 11006000 |
| 13 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | CFC- Tied | 5535000 |
| | | CFC-UN Tied | 3690000 |

# അദ്ധ്യായം 7

# പ്രത്യേക പദ്ധതികൾ പരിപാടികൾ

## പട്ടിക ജാതി ഉപപദ്ധതി

കയ്യൂർ- ചീമേനി ഗ്രാമപഞ്ചായത്തിൽ പുലയ, ചക്ലിയ, മലയൻ, പെരുവണ്ണാൻ, മണ്ണാൻ, കുറവൻ എന്നീ പ്രത്യേക വിഭാഗത്തിൽ പെട്ടവരാണ് ഉള്ളത്. മുണ്ട- കള്ളക്കൊല്ലി കോളനി, പാലത്തേര കോളനി, പോത്താംകണ്ടം കോളനി, പുലിക്കുണ്ട്- കുഞ്ഞിപ്പാറ കോളനി, അത്തൂട്ടി കുപ്പമണ്ട്- വെളിച്ചംതോട് കോളനി, ഞാണംകൈ- കോട്ടമൂല കോളനി, മുഴക്കോം- ഇരിയൽ - കുളപ്പുറംകോളനി, ഊച്ചിത്തിടിൽ കോളനി, ചീമേനി- പൊതാവൂർ കോളനി, കരക്കാട് കോളനി, തോട്ടുവാളി കോളനി എന്നിവയാണ് *11* കോളനികൾ. ഈ കുടുംബങ്ങളിൽ കൃഷി പണി ചെയ്ത് ജീവിക്കുന്നവരും മറ്റ്പണി ചെയ്ത് ജീവിക്കുന്നവരുമാണ് ഭൂരിഭാഗവും. പാരമ്പര്യ തൊഴിലുകളായ കുട്ട, മുറം, പനമ്പ്, പായ മുതലായവ നിർമ്മിക്കുന്നവരും മറ്റ് കൈത്തൊഴിലുകൾ കുല ത്തൊഴിലുകൾ എന്നിവയിൽ ഏർപ്പെടുന്നവരും കുറവാണ്. ആചാര അനുഷ്ഠാനവുമായി ബന്ധപ്പെട്ട് തെയ്യം പോലെയുള്ള കലകളിൽ ഏർപ്പെടുന്നവരുടെ എണ്ണം വളരെ കുറഞ്ഞിട്ടൊന്നുമില്ല. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരുടെ എണ്ണം ഇന്നും ഈ വിഭാഗത്തിൽ വളരെ വിരളമാണ്. *12-ാം* പദ്ധതിവരെ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. *13-ാം* പദ്ധതിയിലും ഇവരുടെ ഉന്നമനത്തിനായുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്.

| പട്ടിക ജാതി മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ | | |
|---|---|---|
| **പ്രൊ. നം** | **പ്രൊജക്ടിന്റെ പേര്** | **അടങ്കൽ** |
| 11 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് - പട്ടിക ജാതി | 639500 |
| 33 | എസ് സി മേഖല പ്രത്യേക ആരോഗ്യ പരിപാടി- കൈത്താങ്ങ് 1 | 40000 |
| 48 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 |
| 51 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 126000 |
| 55 | പട്ടികജാതി മിശ്രവിവാഹിതർക്ക് ധനസഹായം | 225000 |
| 101 | ഭവന പുനരുദ്ധാരണം പട്ടികജാതി വിഭാഗം | 1187500 |

**<u>പട്ടിക വർഗ്ഗ ഉപപദ്ധതി</u>**

കയ്യൂർ- ചീമേനി ഗ്രാമപഞ്ചായത്തിൽ *7* ഊരുകൂട്ടങ്ങളിൽ നിന്നായി *99* പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉള്ളത്. പെരുന്തോൽ കോളനി, പലോത്ത് കോളനി, എം.എൻ.ചാൽ കോളനി, നിടുംബ കോളനി, ആനക്കല്ല്- ചാനടുക്കം കോളനി, നാലുകുന്ന് കോളനി, പാമ്പെരിങ്ങാര എന്നിവയാണ് ഈ ഏഴ് ഊരുകൂട്ടങ്ങൾ. ഈ ഊരുകൂട്ടങ്ങളിൽ താമസിക്കുന്നവരിൽ *89.9%* പേർ സാക്ഷരത കൈവരിച്ചിട്ടുണ്ട്. മലയരയൻ, മലവേട്ടുവൻ, മാവിലൻ എന്നീവിഭാഗത്തിൽ പെട്ടവരാണ് ഈ ഊരുകൂട്ടങ്ങളിൽ താമസിച്ച് വരുന്നത്. ഈ പദ്ധതികാലയളവിൽ പട്ടികവർഗ്ഗ മേഖലയിൽ അവരുടെ ഉന്നമനത്തിനായുള്ള വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്

| **പട്ടിക വർഗ്ഗ മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ** | | |
|---|---|---|
| **പ്രൊ. നം** | **പ്രൊജക്ടിന്റെ പേര്** | **അടങ്കൽ** |
| 12 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് - പട്ടിക വർഗ്ഗം | 50000 |
| 37 | എസ്ടി മേഖല പ്രത്യേക ആരോഗ്യ പരിപാടി-കൈത്താങ്ങ് 2 | 40000 |
| 56 | പട്ടികവർഗവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 126000 |
| 58 | പട്ടികവർഗവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 60000 |
| 98 | ലൈഫ് ഭവന നിർമാണം- പട്ടികവർഗം | 124000 |
| 103 | ഭവന പുനരുദ്ധാരണം പട്ടികവർഗ്ഗവിഭാഗം | 289000 |

## വനിതാ ഘടക പദ്ധതി

സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനും സമൂഹത്തിലുള്ള സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും പഞ്ചായത്തുകൾ പ്രത്യേക പരിഗണന നൽകേണ്ടുന്നതിന്റെ ഭാഗമായി വനിതാ വികസനത്തിന് *10%* തുക പദ്ധതി വിഹിതത്തിൽ നിന്നും മാറ്റി വെയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കഴിഞ്ഞ പഞ്ചവത്സരപദ്ധതികളിലും പ്രസ്തുതവിഹിതം വനിതാ വികസനത്തിനായി മാറ്റിവെച്ചിരുന്നു. വനിതകളെ ഇന്നത്തെ സമൂഹത്തിൽ ജീവിക്കുന്നതിന് സ്വയം പര്യാപ്തരാക്കുക, സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങി വനിതകളുടെ സമഗ്രവികസനത്തിനായുള്ള പദ്ധതികളാണ് വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുന്നത്. ഈ പദ്ധതിക്കാലത്തും വനിതകളുടെ ഉന്നമനത്തിനായുനള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച്

നടപ്പിലാക്കുന്നതിനാണ് പഞ്ചായത്ത് വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ ആരും പട്ടിണി കിടക്കരുതെന്ന ഉദ്ദേശവുമായി സർക്കാർ നടപ്പാക്കുന്ന വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം കുറഞ്ഞ നിരക്കിൽ നൽകുക എന്ന ഉദ്ദേശത്തോട്ടു കൂടി ചെമ്പ്രകാനത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ ജനകീയ ഹോട്ടൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനാവശ്യമായ വാടക, കറന്റ് ചാർജ്ജ്, അടിസ്ഥാനസൗകര്യങ്ങൾ എന്നീ ചെലവുകൾ വഹിക്കുന്നത് ഗ്രാമപഞ്ചായത്താണ്.

| വനിത മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ | | |
|---|---|---|
| **പ്രൊ. നം** | **പ്രൊജക്റ്റിന്റെ പേര്** | **അടങ്കൽ** |
| 27 | മൺചട്ടിയിൽ പച്ചക്കറികൃഷി | 500000 |
| 30 | വിശപ്പുരഹിതകേരളം – ജനകീയഹോട്ടൽ നടത്തിപ്പ് | 112888 |
| 39 | കയ്യൂർ–അമൃതം – ന്യൂട്രിമിക്സ് അധികസൗകര്യം ഒരുക്കൽ | 500000 |
| 44 | മെൻസ്ട്രൽ കപ്പ് വിതരണം | 300000 |
| 99 | വ്യക്തിഗത വനിതാ ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിന് ധനസഹായം | 360000 |
| 152 | സഫലം വനിതാ കശുവണ്ടി യൂണിറ്റിന് അധിക സൗകര്യം ഒരുക്കൽ | 150000 |
| 158 | സി ഡി എസ് ഓഫീസ് പുനരുദ്ധാരണം | 300000 |

**ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

കയ്യൂർ– ചീമേനി ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യയിൽ *30* ശതമാനത്തിലധികം കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് ജീവിക്കുന്നത് നാല് വില്ലേജുകളിലായി കിടക്കുന്ന പഞ്ചായത്തിലെ മുഖ്യജീവിതമാർഗ്ഗം കാർഷിക മേഖലയാണ്. ബീഡി തെറുപ്പ്, കെട്ടിട നിർമ്മാണ മേഖലയും ആശ്രയിച്ചു കഴിയുന്നവരും മറ്റ്കൂലിതൊഴിലും ജീവിത മാർഗ്ഗങ്ങളാക്കിയവരാണ്. കഴിഞ്ഞ പദ്ധതിക്കാലത്ത് ദാരിദ്ര്യനിർമാർജ്ജനത്തിന് ഉതകുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സമ്പൂർണ്ണ ഇ.എം.എസ് ഭവനപദ്ധതിയിലൂടെ *198* പേർക്ക് ഭവന ധനസഹായം നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ഇപ്പോൾ ലൈഫ്

ഭവനപദ്ധതിയിലൂടെ*135* ഓളം കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് സാധിച്ചിട്ടുണ്ട്. കുടുംബശ്രീ സംവിധാനം മുഖേനയും വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആശ്രയ പദ്ധതി എടുത്തുപറയാവുന്ന ഒരു പദ്ധതിയാണ്. പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സാധാരണ ജനങ്ങളുടെ ദാരിദ്ര നിർമ്മാർജ്ജനത്തിന് ഒരു നല്ല പങ്ക് വഹിക്കുന്നുണ്ട്. തുടർന്നും പ്രസ്തുത പദ്ധതികൾ നല്ല രീതിയിൽ ഉപയോഗിക്കുന്നതിന് സാധിക്കുന്നതാണ്. ഈ പദ്ധതിയിലും ലൈഫ് മിഷൻ, സ്വയം തൊഴിൽ ധനസഹായം തുടങ്ങി ദാരിദ്ര നിർമാർജ്ജനത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

| ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ഏറ്റെടുത്ത പദ്ധതികൾ | | |
|---|---|---|
| **പ്രൊ. നം** | **പ്രൊജക്ടിന്റെ പേര്** | **അടങ്കൽ** |
| 27 | മൺചട്ടിയിൽ പച്ചക്കറികൃഷി | 500000 |
| 99 | വ്യക്തിഗത വനിതാ ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിന് ധനസഹായം | 360000 |
| 152 | സഫലം വനിതാ കളുവണ്ടി യൂണിറ്റിന് അധിക സൌകര്യം ഒരുക്കൽ | 150000 |
| 30 | വിശപ്പുരഹിതകേരളം – ജനകീയഹോട്ടൽ നടത്തിപ്പ് | 112888 |
| 39 | കയ്യൂർ–അമൃതം – ന്യൂട്രിമിക്സ് അധികസൌകര്യം ഒരുക്കൽ | 500000 |
| 93 | ഭവന പുനരുദ്ധാരണം ജനറൽ | 1600000 |
| 101 | ഭവന പുനരുദ്ധാരണം പട്ടികജാതി വിഭാഗം | 1200000 |
| 103 | ഭവന പുനരുദ്ധാരണം പട്ടികവർഗ്ഗവിഭാഗം | 300000 |

**ശിശുക്കൾ, വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവർക്കായുള്ള പദ്ധതികൾ**

ശിശുക്കൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ഉന്നമനത്തിനായി പഞ്ചായത്തുകൾ ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും അവരുടെ ഉന്നമനം കാര്യക്ഷമമാക്കുന്നതിനും പ്രത്യേക പരിഗണന നൽകേണ്ടുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതികൾക്കായി *5%* തുക പദ്ധതി വിഹിതത്തിൽ നിന്നും മാറ്റി വെയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിലും പ്രസ്തുത

വിഹിതം മാറ്റിവെച്ചിരുന്നു. ശിശുക്കളുടേയും, വൃദ്ധരുടേയും, ഭിന്നശേഷിയുള്ളവരുടേയും ഉന്നമനത്തിനായി പഞ്ചായത്ത് നിരവധി പദ്ധതികള്

*/* നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ പഞ്ചായത്ത് അടുത്ത കാലത്ത് ആരംഭിച്ച ബഡ്സ് സ്പെഷ്യൽ സ്കൂൾ എടുത്തുപറയത്തക്കതാണ്. വരുന്ന പദ്ധതിക്കാലത്തു പഞ്ചായത്ത് ഇവരുടെ ഉന്നമനത്തിനായി വിവിധപദ്ധതികൾ നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ചിട്ടുണ്ട്.

| **ശിശുക്കൾ, വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവർക്കായുള്ള പദ്ധതികൾ** | | |
|---|---|---|
| **പ്രൊ. നം** | **പ്രൊജക്ടിന്റെ പേര്** | **അടങ്കൽ** |
| 13 | ബഡ്സ് സ്കൂൾ പ്രവർത്തനം | 2266270 |
| 89 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 3300000 |
| 90 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ളേ സ്കോളർഷിപ്പും ബത്തയും നല്കൽ | 1500000 |
| 91 | പള്ളിപാറ ശിശുമന്ദിരത്തിലേക്ക് അനുപൂരക പോഷകാഹാരം | 35000 |
| 117 | അങ്കണവാടികളിലേക്ക് ഫുഡ് കൺടെയ്നർ ഗ്യാസ് സ്റ്റൌ വാങ്ങൽ | 225000 |
| 120 | പള്ളിപ്പാറ ശിശുമന്ദിരത്തിലേക്ക് സ്റ്റെയിൻലെസ്സ് സ്റ്റീല് പാത്രങ്ങൾ, പ്രെഷർ കുക്കർ, ഗ്യാസ് സ്റ്റൌ വാങ്ങൽ | 25000 |
| 123 | പകൽവീട് കെയർ ടേക്കർ നിയമനം ഹോണറേറിയം നൽകൽ | 120000 |
| 154 | വിവിധ അംഗനവാടികൾക്ക് ചുറ്റുമതിൽ നിർമ്മാണം | 1090000 |

**അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

അതിദരിദ്ര്യരില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് സർക്കാരിന്റെ പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. ഇതിന്റെ ഭാഗമായി കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ അതിദാരിദ്ര്യ പട്ടികയിലുൾപ്പെട്ടിട്ടുള്ള *36* പേരിൽ ആധാർ കാർഡില്ലാത്ത *2* പേർക്കും, റേഷൻ കാർഡില്ലാത്ത *3* പേർക്കും, ഇലക്ഷൻ തിരിച്ചറിയൽ കാർഡില്ലാത്ത *3* പേർക്കും തിരിച്ചറിയൽ രേഖകൾ നൽകി അവകാശരേഖകൾ നൽകിയതായുള്ള പഞ്ചായത്ത് തല പ്രഖ്യാപനം നടത്തിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട *36* പേരുടെയും കുടുംബത്തെ കുറിച്ചുള്ള വിവരങ്ങൾ, ഭക്ഷണം, ആരോഗ്യം, വരുമാനം, വിദ്യാഭ്യാസം, വീട്, ഭൂമി സംബന്ധമായ വിവരങ്ങൾ, ചുറ്റുപാടുകൾ സംബന്ധിച്ച മൈക്രോപ്ലാൻ പുതുക്കിയിട്ടുണ്ട്.

| അതി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ഏറ്റെടുത്ത പദ്ധതികൾ | | |
|---|---|---|
| **പ്രൊ. നം** | **പ്രൊജക്ടിന്റെ പേര്** | **അടങ്കൽ** |
| 69 | മൺചട്ടിയിൽ പച്ചക്കറികൃഷിപ്രത്യാശ- അതിദാരിദ്ര നിർമ്മാർജനം-ചികിൽസാ സേവന പദ്ധതി | 400000 |

**15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള ഉപപദ്ധതി**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്, ടൈഡ് എന്നീ രണ്ട് വിഭാഗങ്ങളിലായാണ് ലഭിക്കുന്നത്. ആകെ ഗ്രാന്റിന്റെ 40% അടിസ്ഥാന വിഹിതവും (ബേസിക്) ബാക്കി 60% പ്രത്യേക ഉദ്ദേശ(ടൈഡ് ) ഗ്രാന്റും ആണ്. അടിസ്ഥാന ഗ്രാന്റിന്റെ വിനിയോഗത്തിന് മേഖലാതല നിബന്ധനകൾ ബാധകമല്ല. എന്നാൽ ടൈഡ് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന വിഹിതത്തിൽ നിന്നും 50% വീതം കുടിവെള്ള പ്രൊജക്ടുകൾക്കും, ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും ഏറ്റെടുക്കേണ്ടതുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ഗ്രാമപഞ്ചായത്തിന് അടിസ്ഥാന വിഹിതം ഇനത്തിൽ 3690000/- രൂപയും, പ്രത്യേക ഉദ്ദേശ ഗ്രാന്റ് ഇനത്തിൽ 5535000/- ലഭ്യമാവുന്നുണ്ട്. ടി പദ്ധതികളുടെ തുക ചെലവിടുന്നത് ഇ ഗ്രാമസ്വരാജ് സോഫ്റ്റ് വെയർ മുഖേനയാണ്.

| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടിസ്ഥാന വിഹിതം വിനിയോഗിക്കുന്നതി ന് ഏറ്റെടുത്ത പദ്ധതികൾ | | |
|---|---|---|
| **പ്രൊ. നം** | **പ്രൊജക്ടിന്റെ പേര്** | **അടങ്കൽ** |
| 121 | നാപ്പച്ചാൽ തിടിൽ റോഡ് ടാറിങ്ങ് | 400000 |
| 124 | കയ്യൂർ മൃഗാശുപത്രി- വടക്കേക്കര-അരയാലിൻ കീഴ് റോഡ് ടാറിങ്ങ് | 400000 |
| 128 | പലോം ആലന്തട്ട ചൂടി റോഡ് ടാറിങ്ങ് | 400000 |
| 132 | മയ്യൽ മുത്തശ്ശിമാട് റോഡ് ടാറിങ്ങ് | 400000 |
| 133 | വെള്ളരിക്കുണ്ട് തലിയമ്മാട-പൊതാവൂർ-റോഡ് ടാറിങ്ങ് | 400000 |
| 141 | ചെറൂപ്പ പുല്ലാഞ്ഞിപ്പാറ റോഡ് ടാറിങ്ങ് | 200000 |
| 154 | വിവിധ അംഗനവാടികൾക്ക് ചുറ്റുമതിൽ നിർമ്മാണം | 1090000 |

| 15-ാം ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റ് (കുടിവെള്ളം) വിനിയോഗിക്കുന്നതി ന് ഏറ്റെടുത്ത പദ്ധതികൾ | | |
|---|---|---|
| **പ്രൊ. നം** | **പ്രൊജക്റ്റിന്റെ പേര്** | **അടങ്കൽ** |
| 22 | സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ | 150000 |
| 161 | പഞ്ചായത്തിൻറെ അധീനതയിൽ ഉള്ള വിവിധ സ്ഥാപനങ്ങളിലെ ബോർ വെല്ലിനു മോട്ടർ സ്ഥാപിക്കലും കുടിവെള്ള സൌകര്യ0 ഒരുക്കലും | 700000 |
| 162 | വരിക്കേൻ പാറ ശ്മശാനത്തിന് വൈദ്യുതീകരണവും കുടിവെള്ള സൌകര്യം ഒരുക്കലും | 250000 |
| 171 | പൊതുകിണർ റിപ്പയർ | 1200000 |
| 173 | തുറവ് കുടിവെള്ള പദ്ധതി കുളം നിർമ്മാണം | 467500 |
| **5-ാം ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റ് ( ശുചിത്വം) വിനിയോഗിക്കുന്നതി ന് ഏറ്റെടുത്ത പദ്ധതികൾ** | | |
| 36 | എം സി എഫ് നിർമ്മാണം | 500000 |
| 106 | ഹരിതകർമസേന പ്രവർത്തനങ്ങൾ | 250000 |
| 144 | വ്യക്തിഗതഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ | 517500 |
| 153 | മിനി എംസിഎഫ് നിർമ്മാണം | 2000000 |
| 154 | വിവിധ അംഗനവാടികൾക്ക് ചുറ്റുമതിൽ നിർമ്മാണം | 1090000 |
| 257 | എം സി എഫ് ന് ചുറ്റുമതിൽ സ്ഥാപിക്കൽ | 1000000 |
| 174 | തിമിരി കൊളക്കവയൽ കുളം നവീകരണവും ഉദ്യാനവൽക്കരണവും | 2600000 |
| 159 | സ്കൂളുകൾക്ക് മാലിന്യ നിർമ്മാർജന പദ്ധതി | 500000 |

## ആസ്തി സംരക്ഷണ പദ്ധതി

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും അധീനതയിലുള്ള റോഡ്, റോഡിതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. റോഡ് മെയിന്റനൻസിന് *2024-25* വർഷത്തിൽ *32000000/-* രൂപ വകയിരുത്തി *41* പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ റോഡുകൾക്ക്7 ഡ്രെയിനേജ് നിർമ്മാണവും, *34* റോഡ് പുനരുദ്ധാരണപ്രവൃത്തികളും ഉൾപ്പെടുന്നു. റോഡിതര സംരക്ഷണ ആസ്തിക്കായി *9484000/-* രൂപയും ലഭ്യമായിട്ടുണ്ട്. ആയതിൽനിന്നും *825000/-*രൂപ സാധനങ്ങൾ വാങ്ങുന്നതിനും *579000/-* രൂപ ദൈനംദിന ചെലവുകൾക്കും *3000000/-* രൂപ നിർമ്മാണപ്രവർത്തനങ്ങൾക്കും വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## സദ്ഭരണ പദ്ധതി പദ്ധതി

സദ്ഭരണ പദ്ധതി പൊതുജനങ്ങൾക്ക് അവരുടെ പരാതികളും നിർദ്ദേശങ്ങളും ഉന്നയിക്കുന്നതിനുള്ള അവസരം ഗ്രാമപഞ്ചായത്ത് അനുവദിച്ചുനൽകുന്നുണ്ട്. സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിർവഹണം സാധ്യമാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള സംവിധാനം പഞ്ചായത്ത് ഓഫീസിൽ ഒരുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഐഎസ്ഒ നിലവാരത്തിലേക്ക് ഉയർന്നിട്ടുണ്ട്. സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതു ജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനുള്ള ILGMS സോഫ്റ്റ്‌വെയർ പഞ്ചായത്തിൽ ഒരുക്കിയിട്ടുണ്ട്. തുക എടുക്കുന്നതിനുള്ള ILGMS സിറ്റിസൺ പോർട്ടൽ തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ പൊതുജനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്. പഞ്ചായത്ത് ഓഫീസിലെത്തുന്നവർക്കുള്ള കുടിവെള്ളം, ഇരിപ്പിടം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മിക്കുന്നതിനും കൂടുതൽ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.

## ദുരന്ത മാനേജ്മെന്റ് പദ്ധതി , കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതി

ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ദുരന്തനിവാരണ പദ്ധതി രേഖ പരിഷ്കരിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിനുള്ള മുന്നറിയിപ്പ് സംവിധാനം, രക്ഷാപ്രവർത്തനം ഒരുക്കൽ എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് പ്രൊജക്ട് നമ്പർ 66-പ്രഥമ ശുശ്രൂഷ കിറ്റ് വിതരണവും ജീവൻ രക്ഷാപ്രവർത്തനവും പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതോടൊപ്പം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുദ്ധാരണം, തോട് നിർമ്മാണം, അറ്റകുറ്റപ്പണി, നീർത്തട വികസന പരിപാടികൾ, വിവിധ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ, ഡ്രെയിനേജ് നിർമ്മാണം എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്.

## *അദ്ധ്യായം 8*

## വായ്പാ ബന്ധങ്ങൾ

പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റിന് സ്വയംതൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി പ്രാദേശികമായുള്ള ബാങ്കുകളുമായി ബന്ധപ്പെട്ട് വായ്പ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ *KURDFC/HUDCO* മുഖാന്തിരം വായ്പ ഇനത്തിൽ തുക ലഭ്യമാക്കി പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് കരാറിലേർപ്പെട്ട് പ്രവർത്തനങ്ങൾ മുന്നോട്ട്കൊണ്ടു പോകുന്നുണ്ട്. പഞ്ചായത്ത് ബസ്സ്റ്റാന്റിനോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി വായ്പയെടുക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

# അദ്ധ്യായം 9

## സമഗ്ര പരിപാടികളും  സംയോജന സാദ്ധ്യതകളും

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ ആദ്യഘട്ട പദ്ധതിയായ *2022-23* വാർഷിക പദ്ധതികാലയളവിലെ വിവിധ പ്രൊജക്ടുകൾ സംസ്ഥാനാവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിക്കുന്നതിനും, സമഗ്രപരിപാടികൾ ആവിഷ്കരിക്കുന്നതിനും നപടികൾ സ്വീകരിച്ചിട്ടുണ്ട്. ശുചിത്വമിഷന്റെ സഹായത്തോടുകൂടി വിപുലമായ മാലിന്യ സംസ്കരണ പദ്ധതികൾ പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുണ്ട്. നവകേരളം മിഷനുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഇതിനോടകം ഏറ്റെടുത്തിട്ടുണ്ട്. ജനകീയാസൂത്രണപദ്ധതി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി, വിവിധ നീർത്തട പദ്ധതികൾ എന്നിവ നമ്മുടെ പഞ്ചായത്തിൽ  ഒരേ സമയം നടപ്പിലാക്കുന്നുണ്ട്. മണ്ണ്-ജല സംരംക്ഷണവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ അനുയോജ്യമായ രീതിയിൽ വിവിധ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.  ബ്ലോക്ക്, ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്ടുകളും വിഭാവനം ചെയ്തിട്ടുണ്ട്. ആരോഗ്യമേഖലയും ആർദ്രം മിഷനുമായി സംയോജിപ്പിച്ച് പദ്ധതികൾ ഏറ്റെടുക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്., ലൈഫ് പാർപ്പിട പദ്ധതി, കൃഷിമേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ എന്നിവയ്ക്ക് സംയോജനത്തിൽ പ്രാമുഖ്യം നൽകുന്നുണ്ട്. കാസറഗോഡ് വികസന പാക്കേജിന്റെ സഹായം പരമാവധി പ്രയോജനപ്പെടുത്തി പഞ്ചായത്തിൽ ആസ്തി സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. എസ് എസ് കെ പദ്ധതിയുമായി ബന്ധപ്പെടുത്തി പൊതുവിദ്യാഭ്യാസ യജ്ഞവുമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഊന്നൽ നൽകുന്നുണ്ട്.

## അദ്ധ്യായം 10

## മോണിറ്ററിംഗ് സംവിധാനങ്ങൾ

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഏറ്റവും പരമപ്രധാനമായ ഘടകം പ്രവർത്തനങ്ങളുടെ ഓരോ ഘട്ടത്തിലും നടത്തുന്ന മോണിറ്ററിംഗ് സംവിധാനമാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആദ്യഘട്ട പദ്ധതിയായ *2023-24* വാർഷിക പദ്ധതി തുടക്കം മുതലുള്ള പരിശോധനയ്ക്കും വിജയകരമായ നടത്തിപ്പിനും ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം വിവിധ ഗ്രൂപ്പുകളുടെ മേൽനോട്ടത്തിൽ ഒരുക്കിയിരുന്നു. നിർവഹണ പൂർത്തീകരണം വരെയും തുടർന്നും ഓരോ ഘട്ടവും പരിശോധിച്ച് കണ്ടെത്തുന്ന കുറവുകൾ അപ്പോൾ തന്നെ പരിഹരിക്കുന്നതിനും അനുഭവപ്പെടുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ എടുക്കുകയും ചെയ്യുന്നു. ഓരോ മേഖലയിലും മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ തന്നെ നടത്തുന്നു. ഇത്തരത്തിലുള്ള സംവിധാനം കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിനായി മോണിറ്ററിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമുണ്ട്.